GOVERNMENT OF KERALA

Election Department

NOTIFICATION

No. 5576/EL1/83/Elec. *Dated, Trivandrum, 10th October* 1983.

Election Commission's Notifications Nos. 56/82-XII and 56/82-XIII both 27-9-1983 are hereby republished.

By order,
R. RAMACHANDRAN NAIR,
Chief Electoral Officer.

ELECTION COMMISSION OF INDIA

Ashok Road,
New Delhi, 110001,
Dated, the 27th September 1983.
Asvina 5, 1905 (Saka).

NOTIFICATION

S.O.—Whereas the Revolutionary Socialist Party is a recognised Political Party in the States of Kerala and West Bengal with the Simbol 'Spade and Stoker' reserved for it in these States, under the Election Symbols (Reservation and Allotment) Order, 1983;

And whereas, in pursuanee of paragraph 6 of the said order, the Election Commission has reviewed the poll performance of the said party in the general election to the Legislative Assembly of Kerala and West Bengal held in May, 1982;

And whereas the Election Commission is satisfied that as a result of the said review the Revolutionary Socialist Party is not entitled for continued recognition in the State of Kerala;

And whereas the Commission has issued a notice to the said party on 13th July, 1983 to explain as to why its name should not be deleted from the list of recognised political parties in Kerala State on account of its poor poll performance in that State;

And whereas the said party has not responded to the said notice inspite of a reminder to the party in this regard and a considerable time has thus elapsed;

And whereas the Election Commission has decided to de-recognise the said party from the State of Kerala;

Now, therefore, in pursuance of clause (b) of sub-para (1) and sub-para (2) of paragraph 17 and paragraph 18 of the said order, the Election Commission hereby makes the following amendment in its notification No. 56/82, dated the 8th April, 1982, published as O. N. 29 (E), in the Gazette of India Extraordinary Part II, Section 3 (iii) dated the 12th April, 1982, as amended from time to time, namely:—

In Table 2 appended to the said notification, against the State of Kerala mentioned in column 1, the entry "5. Revolutionary Socialist Party .... Spade and Stoker" referred to in columns 2 and 3, respectively, shall be deleted.

(No. 56/82-XIII)

By order,

(Sd.)

K. GANESAN,

Secretary.

ELECTION COMMISSION OF INDIA

Ashok Road,
New Delhi-1,

Dated, the 27th September 1983/
5th Asvina, 1905 (Saka).

NOTIFICATION

S.O.—Whereas the Election Commission, in pursuance of the provisions of paragraph 6 read with paragraph 7 of the Election Symbols (Reservation and Allotment) Order, 1968 is satisfied that as a result of its poll performance at general election to the Legislative Assembly of Tripura State held in January, 1983, the Revolutionary Socialist Party is entitled for recognition as a State Party in the State of Tripura in terms of para 6 of the said order;

And whereas the Commission has decided to recognise the Revolutionary Socialist Party in Tripura State as a State Party;

Now, therefore, in pursuance of clauses (b) and (d) of sub-paragraph (1) and sub-paragraph (2) of paragraph 17 of the said symbols order, the Election Commission hereby makes the following amendments in its notification

No. 56/82 dated the 8th April, 1982, published as O N. 29 (E), in the Gazette of India Extraordinary, Part II, Section 3 (iii), dated the 12th April, 1982, as amended from time to time, namely:—

(1) In Table 2 of the said notification, against the State of Tripura referred to under column 1, for the existing entry 'Tripura Upajati Juba Samiti........Two Leaves' under columns 2 and 3, the following entries shall be substituted:

"1. Revolutionary Socialist Party......Spade and Stocker
2. Tripura Upajati Juba Samiti..........Two leaves"

(2) In Table 4 of the said notification, against item 20. Tripura in column 1 the entry "11. Spade and Stocker" under column 2 shall be deleted and the existing entries 12 and 13 shall be renumbered as 11 and 12, respectively;

The recognition granted to the above mentioned political party is subject to the following conditions:—

(i) The party shall communicate to the Commission without delay and change in its name, head office, office bearers address and political principles, policies, aims and objectives and any change in any other material matters;

(ii) The party shall intimate the Commission immediately whenever any amendments are issued to party constitution along with the relevant documents like the notice for the meeting to consider amendments, agenda for the meeting, minutes of the meeting, where the amendments have been carried etc.

(iii) The party shall maintain all the records like minutes books, accounts books- membership registers, receipt books etc. properly;

(iv) The said records shall be open for inspection at any time by the authorised representative (s) of the Commission; and

(v) The recognition granted shall be reviewed by the Commission from time to time.

(No. 56/82-XII)

By order,
(Sd.)
K. GANESAN,
Secretary.

1983-ലെ കേരള പൊതുപ്രവർത്തകർ (അഴിമതി നിരോധന) ബിൽ

പൊതുപ്രവർത്തകർക്ക് എതിരായുള്ള അഴിമതി ആരോപണങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ഒരു അധികാരസ്ഥാനം സ്ഥാപിക്കുന്നതിനും അതിനോടനുബന്ധിച്ച കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—പൊതുപ്രവർത്തകർക്ക് എതിരായുള്ള അഴിമതി ആരോപണങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ഒരു അധികാരസ്ഥാനം സ്ഥാപിക്കുന്നതിനും ഭരണപരമായ സത്യസന്ധത ഉറപ്പുവരുത്തുന്നതിനും അതിനോടനുബന്ധിച്ച കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാകുന്നു:—

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും, വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ കേരള പൊതുപ്രവർത്തകർ (അഴിമതി നിരോധന) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റിൽ വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''ചീഫ് ജസ്റ്റീസ്'' എന്നാൽ കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് എന്നർത്ഥമാകുന്നു;

(ബി) ''കമ്മീഷണർ'' എന്നാൽ 4-ാം വകുപ്പു പ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷണർ എന്നർത്ഥമാകുന്നു;

(സി) ''ഗവർണ്ണർ'' എന്നാൽ കേരള ഗവർണ്ണർ എന്നർത്ഥമാകുന്നു;

(ഡി) ''നിയമസഭ'' എന്നാൽ കേരള സംസ്ഥാന നിയമസഭ എന്നർത്ഥമാകുന്നു;

(ഇ) ''തദ്ദേശാധികാരസ്ഥാനം'' എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ അഥവാ ഒരു മുനിസിപ്പൽ കൗൺസിൽ അഥവാ ഒരു ടൗൺഷിപ്പു കമ്മിററി അഥവാ ഒരു പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എഫ്) ''രാഷ്ട്രീയകക്ഷി'' എന്നാൽ പാർലമെന്റിലോ നിയമസഭയിലോ പ്രാതിനിധ്യമുള്ള ഒരു രാഷ്ട്രീയകക്ഷി അഥവാ ഗ്രൂപ്പ് അഥവാ 1968-ലെ തിരഞ്ഞെടുപ്പു ചിഹ്നങ്ങൾ (സൂക്ഷിക്കലും അനുവദിക്കലും) ഉത്തരവിലെ 6-ാം ഖണ്ഡിക അനുസരിച്ച് ഒരു അംഗീകൃത രാഷ്ട്രീയകക്ഷിയായി പരിഗണിക്കുന്ന ഒരു രാഷ്ട്രീയകക്ഷി എന്നർത്ഥമാകുന്നു;

(ജി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്ററു പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) ''പൊതുപ്രവർത്തകൻ'' എന്നാൽ സംസ്ഥാനത്ത്—

(i) ഒരു മന്ത്രിയായോ അഥവാ മുഖ്യമന്ത്രിയായോ; അഥവാ

(ii) നിയമസഭയിലെ അംഗമായോ; അഥവാ

(iii) തിരുവിതാംകൂർ ദേവസ്വംബോർഡിലെയോ കൊച്ചി ദേവസ്വം ബോർഡിലെയോ ഒരു അംഗമായോ പ്രസിഡന്റായോ അഥവാ കേരള വക്കഫ് ബോർഡിലെ ചെയർമാനായോ; അഥവാ

(iv) ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയും അഥവാ ഒരു സ്ററാറ്റ്യൂട്ടറി ബോഡിയുടെയും അഥവാ ഒരു സഹകരണസംഘം അഥവാ 1956-ലെ കമ്പിനി ആക്ററ് (1956-ലെ 1-ാം കേന്ദ്ര ആക്ററ്) 617-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ഒരു സർക്കാർ കമ്പിനി ഉൾപ്പെടെ ഒരു സ്ററാററ്യൂട്ടുമൂലമോ അതുപ്രകാരമോ സ്ഥാപിച്ചിട്ടുള്ളതും കേരള സർക്കാരിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ളതുമായ ഒരു കോർപ്പറേഷന്റെയും അങ്ങനെയുള്ള മററു കോർപ്പറേഷനിലോ ബോർഡിലോ സർക്കാരിന്റെ സാമ്പത്തിക താല്പര്യം പരിഗണിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ ഗസററിൽ വിജ്ഞാപനം മൂലം പ്രത്യേകമായി പറയുന്ന അങ്ങനെയുള്ള കോർപ്പറേഷന്റെയും അഥവാ ബോർഡിന്റെയും ചെയർമാനായോ അഥവാ വൈസ് ചെയർമാനായോ (എന്തു പേരിൽ പറഞ്ഞാലും).

വിശദീകരണം.—ഈ ഖണ്ഡത്തിൽ ''സഹകരണ സംഘം'' എന്നാൽ 1969-ലെ കേരള സഹകരണ സംഘം ആക്ററ് (1969-ലെ 21) പ്രകാരം രജിസ്ററർ ചെയ്തിട്ടുള്ളതോ രജിസ്ററർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ സഹകരണ സംഘം എന്നർത്ഥമാകുന്നു;

(v) ഒരു തദ്ദേശാധികാരസ്ഥാനത്തിലെയോ അഥവാ സംസ്ഥാന നിയമസഭയുടെ ഒരു ആക്ററുമൂലം സ്ഥാപിച്ചിട്ടുള്ള ഒരു സർവ്വകലാശാലയുടെ സിൻഡിക്കേററിലെയോ അഥവാ എക്സിക്യൂട്ടിവ് കമ്മിററിയിലെയോ അംഗമായോ അഥവാ (iv)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സ്ററാററ്യൂട്ടറി ബോഡിയിലെയോ കോർപ്പറേഷനിലെയോ അഥവാ ബോർഡിലെയോ അംഗമായോ അഥവാ ഡയറക്ടറായോ (എന്തുപേരിൽ പറഞ്ഞാലും); അഥവാ

(vi) സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അല്ലെങ്കിൽ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ഒരു അംഗമായോ; അഥവാ

(vii) (iii)—ഉം (iv)—ഉം ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ബോർഡിലെയോ അധികാരസ്ഥാനത്തിലെയോ, ബോഡിയിലെയോ, കോർപ്പറേഷനിലെയോ, കമ്പനിയിലെയോ, സംഘത്തിലെയോ തൊഴിലാളികളുടെ രജിസ്റ്റർ ചെയ്തിട്ടുള്ളതും അതതു സംഗതിപോലെ അങ്ങനെയുള്ള ബോർഡോ, അധികാരസ്ഥാനമോ, ബോഡിയോ, കോർപ്പറേഷനോ, കമ്പനിയോ, സംഘമോ അംഗീകരിച്ചിട്ടുള്ളതുമായ ഒരു തൊഴിലാളി യൂണിയന്റെ പ്രസിഡന്റായോ, സെക്രട്ടറിയായോ, ട്രഷററായോ അഥവാ മറ്റേതെങ്കിലും ഔദ്യോഗിക ഭാരവാഹിയായോ;

വിശദീകരണം.—ഈ ഖണ്ഡത്തിൽ ''രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളി യൂണിയൻ'' എന്നാൽ 1926—ലെ തൊഴിലാളി യൂണിയൻ ആക്റ്റ് (1926—ലെ 16—ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു തൊഴിലാളി യൂണിയൻ എന്നർത്ഥമാകുന്നു; അഥവാ

(viii) ഒരു രാഷ്ട്രീയകക്ഷിയുടെ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ ഉള്ള ചെയർമാനായോ, വൈസ്ചെയർമാനായോ, പ്രസിഡന്റായോ, വൈസ്പ്രസിഡന്റായോ, സെക്രട്ടറിയായോ, ട്രഷററായോ അഥവാ മറ്റേതെങ്കിലും ഔദ്യോഗിക ഭാരവാഹിയായോ; അഥവാ

(ix) 3—ാം വകുപ്പ് (2)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വ്യക്തിയായോ സ്ഥാനം വഹിക്കുന്ന അഥവാ സ്ഥാനം വഹിച്ചിട്ടുള്ള ഒരു വ്യക്തി എന്ന് അർത്ഥമാകുന്നു.

(ഐ) ''പൊതുജനസേവകൻ'' എന്നാൽ ഇൻഡ്യൻ ശിക്ഷാനിയമം (1960—ലെ 45—ാം കേന്ദ്ര ആക്റ്റ്) 21—ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ഒരു പൊതുജനസേവകൻ എന്നർത്ഥമാകുന്നു;

(ജെ) ''സംസ്ഥാനം'' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) ''തൊഴിലാളിയൂണിയൻ'' എന്നാൽ 1926—ലെ തൊഴിലാളി യൂണിയൻ ആക്റ്റിൽ (1926—ലെ 16—ാം കേന്ദ്ര ആക്റ്റ്) നിർവചിച്ചിരിക്കുന്നതുപോലെയുള്ള ഒരു തൊഴിലാളി യൂണിയൻ എന്നർത്ഥമാകുന്നു.

3. അഴിമതിയുടെ നിർവചനം.—(1) ഒരു പൊതുപ്രവർത്തകനായിരിക്കുന്ന ഏതെങ്കിലും വ്യക്തി —

(എ) ഏതെങ്കിലും ഔദ്യോഗിക പ്രവർത്തി ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ അഥവാ അയാളുടെ ഔദ്യോഗികകൃത്യനിർവഹണത്തിനിടയിൽ ഏതെങ്കിലും ഒരു വ്യക്തിയോട് പക്ഷപാതം കാണിക്കുന്നതിനോ പക്ഷപാതം കാണിക്കാതിരിക്കാനോ അഥവാ ഗവൺമെന്റിന്റെയോ 2—ാം വകുപ്പ് (എച്ച്) എന്ന ഖണ്ഡത്തിലെ (iii). (iv). (v). (vi). എന്നീ ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ബോർഡിന്റെയോ, അധികാര സ്ഥാനത്തിന്റെയോ, ബോഡിയുടെയോ, കോർപ്പറേഷന്റെയോ, കമ്പനിയുടെയോ, സംഘത്തിന്റെയോ, അഥവാ അങ്ങനെയുള്ള ഏതെങ്കിലും പൊതുപ്രവർത്തകന്റെയോ പൊതുജനസേവകന്റെയോ, ഏതെങ്കിലും സേവനം ഏതെങ്കിലും വ്യക്തിക്ക്

നല്കുന്നതിനോ, നല്കാതിരിക്കുന്നതിനോവേണ്ടി പ്രേരകമായോ പ്രതിഫലമായോ ഏതെങ്കിലും വ്യക്തിയിൽനിന്ന് അയാൾക്കുവേണ്ടിയോ മറ്റ് ഏതെങ്കിലും വ്യക്തിക്ക് വേണ്ടിയോ നിയമപരമായ പ്രതിഫലമല്ലാത്ത ഏതെങ്കിലും തരത്തിലുള്ള പ്രതിഫലം സ്വീകരിക്കുകയോ, വാങ്ങുകയോ ചെയ്യുകയോ; അഥവാ

(ബി) ഏതെങ്കിലും പൊതുപ്രവർത്തകനെ അല്ലെങ്കിൽ പൊതുജനസേവകനെ അഴിമതി നിറഞ്ഞതോ ന്യായരഹിതമായതോ ആയ മാർഗത്തിലൂടെ ഏതെങ്കിലും ഔദ്യോഗികപ്രവൃത്തി ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ അഥവാ അങ്ങനെയുള്ള പൊതുപ്രവർത്തകന്റെയോ, പൊതുജനസേവകന്റെയോ, ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ ഏതെങ്കിലും വ്യക്തിയോട് പക്ഷപാതം കാണിക്കുന്നതിനോ കാണിക്കാതിരിക്കുന്നതിനോ അഥവാ ഗവൺമെന്റിന്റെയോ (2)—ാം വകുപ്പ് (എച്ച്) എന്ന ഖണ്ഡത്തിലെ (iii), (iv), (v), (vi) എന്നീ ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ബോർഡിന്റെയോ, അധികാരസ്ഥാനത്തിന്റെയോ, ബോഡിയുടെയോ, കോർപ്പറേഷന്റെയോ, കമ്പനിയുടെയോ സംഘത്തിന്റെയോ അങ്ങനെയുള്ള ഏതെങ്കിലും പൊതുപ്രവർത്തകന്റെയോ പൊതുജനസേവകന്റെയോ ഏതെങ്കിലും സേവനം ഏതെങ്കിലും വ്യക്തിക്ക് നൽകുന്നതിനോ, നൽകാതിരിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനു വേണ്ടി പ്രേരകമായോ പ്രതിഫലമായോ ഏതെങ്കിലും വ്യക്തിയിൽനിന്ന് അയാൾക്കുവേണ്ടിയോ മറ്റ് ഏതെങ്കിലും വ്യക്തിക്കുവേണ്ടിയോ ഏതെങ്കിലും തരത്തിലുള്ള പ്രതിഫലം സ്വീകരിക്കുകയോ വാങ്ങുകയോ ചെയ്യുകയോ; അഥവാ

(സി) പൊതുപ്രവർത്തകൻ എന്ന നിലയിലുള്ള അയാളുടെ പദവി ദുരുപയോഗപ്പെടുത്തിക്കൊണ്ട് അയാൾക്കുവേണ്ടിയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വ്യക്തിക്കുവേണ്ടിയോ അഴിമതി നിറഞ്ഞതോ ന്യായരഹിതമായതോ ആയ മാർഗത്തിലൂടെയോ മറ്റ് ഏതെങ്കിലും വിധത്തിലോ ഏതെങ്കിലും വില പിടിപ്പുള്ള സാധനമോ അഥവാ സാമ്പത്തികപ്രയോജനമോ നേടുകയോ ചെയ്യുന്നതിന് അഴിമതി നടത്തിയതായി പറയാവുന്നതാണ്.

<u>വിശദീകരണം</u>—I. ''പ്രതിഫലം'' എന്ന വാക്കിന് സാമ്പത്തിക പ്രതിഫലമെന്നും പണമായി വിലമതിക്കാവുന്ന പ്രതിഫലം എന്നും അർത്ഥമാകുന്നു.

<u>വിശദീകരണം</u>—II. ''നിയമപരമായ പ്രതിഫലം'' എന്നതിനെ ഒരു പൊതുപ്രവർത്തകന് നിയമപരമായി ആവശ്യപ്പെടാവുന്ന പ്രതിഫലം മാത്രമായി ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതും അതിൽ നിയമപരമായി അനുവദനീയമായ എല്ലാ പ്രതിഫലവും ഉൾപ്പെടുന്നതുമാണ്.

<u>വിശദീകരണം</u> III.—ഒരു വ്യക്തി അയാൾ ചെയ്യാൻ ഉദ്ദേശിക്കാത്തതു ചെയ്യുന്നതിനുവേണ്ടി ഒരു പ്രേരകമായോ അല്ലെങ്കിൽ അയാൾ ചെയ്തിട്ടില്ലാത്തത് ചെയ്യുന്നതിനുവേണ്ടി ഒരു പ്രതിഫലമായോ സ്വീകരിക്കുന്ന പ്രതിഫലം ''ചെയ്യുന്നതിനുള്ള ഒരു പ്രേരകം അല്ലെങ്കിൽ പ്രതിഫലം'' എന്ന വാക്യത്തിൽ വരുന്നു.

(2) ഒരു പൊതുപ്രവർത്തകനാൽ (1)—ാം ഉപവകുപ്പിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള തരത്തിൽ ചെയ്യപ്പെട്ടിട്ടുള്ള അഴിമതി കണ്ടുപിടിക്കുന്നതിൽ നിന്നും തടയുകയോ മറച്ചുവയ്ക്കുകയോ അഥവാ മറച്ചുവയ്ക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതുവ്യക്തിയും അഴിമതി നടത്തുന്നു.

4. കമ്മീഷണർമാരുടെ നിയമനം.—(1) ഗവർണ്ണർ, സംസ്ഥാന മുഖ്യമന്ത്രിയും, ചീഫ് ജസ്റ്റിസുമായി ആലോചിച്ച്, ഈ ആക്റ്റുപ്രകാരം കമ്മീഷണർമാർക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി മൂന്നുവ്യക്തികളെ കമ്മീഷണർമാരായി അദ്ദേഹത്തിന്റെ കൈയൊപ്പും സീലും വച്ച് നിയമിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കുന്ന വ്യക്തികളിൽ രണ്ടുപേർ സുപ്രീംകോടതിയിലെയോ ഏതെങ്കിലും ഹൈക്കോടതിയിലെയോ സർവ്വീസിലുള്ളതോ, റിട്ടയർചെയ്തതോ ആയ ജഡ്ജിമാർ (ഇതിനു ശേഷം ജുഡീഷ്യൽ അംഗങ്ങൾ എന്നായിരിക്കും പരാമർശിക്കപ്പെടുക) ആയിരിക്കേണ്ടതും മറെറ അംഗം ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഗവൺമെന്റ് ആഫീസറോ ഗവൺമെന്റ് ആഫീസർ ആയിരുന്ന വ്യക്തിയോ ആയിരിക്കേണ്ടതുമാണ്.

(3) ഗവർണ്ണർ, സംസ്ഥാനത്തെ മുഖ്യമന്ത്രിയും, ചീഫ് ജസ്റ്റിസുമായി ആലോചിച്ച് ജുഡീഷ്യൽ അംഗങ്ങളിൽ ഒരാളെ ചെയർമാനായി നിയമിക്കേണ്ടതാണ്.

(4) കമ്മീഷണർമാർ തീരുമാനിക്കേണ്ട ഏതൊരു സംഗതിയും അംഗങ്ങളിൽ ഭൂരിപക്ഷംപേരുടെ അഭിപ്രായമനുസരിച്ച് തീരുമാനിക്കേണ്ടതാകുന്നു.

(5) ഒരു കമ്മീഷണർ, പാർലമെന്റിലെയോ, സംസ്ഥാന നിയമസഭയിലെയോ അംഗമായിരിക്കാൻ പാടില്ലാത്തതും, വിശ്വാസ്യതയുള്ളതോ ലാഭമുണ്ടാക്കുന്നതോ ആയ ഏതെങ്കിലും ഔദ്യോഗികപദവി (കമ്മീഷണറുടെ പദവി ഒഴിച്ച്) വഹിക്കുകയോ ഏതെങ്കിലും രാഷ്ട്രീയകക്ഷിയോട് ബന്ധപ്പെട്ടിരിക്കുകയോ ഏതെങ്കിലും വ്യാപാരം നടത്തുകയോ ഏതെങ്കിലും തൊഴിൽചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും അതനുസരിച്ച് തന്റെ ഔദ്യോഗികപദവിയിൽ പ്രവേശിക്കുന്നതിനുമുൻപ്, കമ്മീഷണറായി നിയമിക്കപ്പെടുന്ന ആൾ,—

(എ) അദ്ദേഹം പാർലമെന്റിലെയോ സംസ്ഥാന നിയമസഭയിലെയോ അംഗമാണെങ്കിൽ, അങ്ങനെയുള്ള അംഗത്വം രാജിവയ്ക്കേണ്ടതാണ്; അല്ലെങ്കിൽ

(ബി) അദ്ദേഹം വിശ്വാസ്യതയുള്ളതോ ലാഭമുണ്ടാക്കുന്നതോ ആയ ഏതെങ്കിലും ഔദ്യോഗികസ്ഥാനം വഹിക്കുന്നെങ്കിൽ അങ്ങനെയുള്ള സ്ഥാനത്തുനിന്നും രാജിവയ്ക്കേണ്ടതാണ്; അല്ലെങ്കിൽ,

(സി) അദ്ദേഹം ഏതെങ്കിലും രാഷ്ട്രീയകക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ, ആ പാർട്ടിയുമായിട്ടുള്ള ബന്ധം വേർപെടുത്തേണ്ടതാണ്; അല്ലെങ്കിൽ

(ഡി) അദ്ദേഹം ഏതെങ്കിലും വ്യാപാരം നടത്തുകയാണെങ്കിൽ, അങ്ങനെയുള്ള വ്യാപാരം നടത്തുന്നതിലും മേൽനോട്ടം വഹിക്കുന്നതിലുമുള്ള ബന്ധം (ഉടമസ്ഥത ഉപേക്ഷിക്കുന്നതൊഴിച്ച്) വേർപെടുത്തേണ്ടതാണ്; അല്ലെങ്കിൽ

(ഇ) അദ്ദേഹം ഏതെങ്കിലും തൊഴിൽ നടത്തുകയാണെങ്കിൽ, അങ്ങനെയുള്ള തൊഴിൽ നടത്തുന്നത് നിർത്തേണ്ടതാണ്.

(6) (എ) ഈ ആക്ടിന്റെ ആരംഭത്തിന് തൊട്ടുമുൻപുള്ള അഞ്ചു വർഷത്തെ കാലയളവിൽ ഒരു രാഷ്ട്രീയകക്ഷിയിലെ ഒരു സജീവ അംഗമായിരുന്ന ഒരു വ്യക്തിക്ക് അങ്ങനെയുള്ള ആരംഭത്തിനുശേഷം ആദ്യ നിയമനത്തിന്റെ കാര്യത്തിൽ; അഥവാ

(ബി) ഒഴിവുണ്ടായ തീയതിക്ക് തൊട്ടുമുൻപുള്ള അഞ്ചുവർഷത്തെ കാലയളവിൽ ഒരു രാഷ്ട്രീയകക്ഷിയിലെ ഒരു സജീവ അംഗമായിരുന്ന ഒരു വ്യക്തിക്ക് പിന്നീടുള്ള ഏതെങ്കിലും നിയമനത്തിന്റെ കാര്യത്തിൽ കമ്മീഷണറായി നിയമിക്കപ്പെടുവാൻ യോഗ്യതയുണ്ടായിരിക്കുന്നതല്ല.

(7) അറുപത്തിയഞ്ചുവയസ്സിൽ കൂടുതലുള്ള ഒരു വ്യക്തിയെയും കമ്മീഷണറായി നിയമിക്കാവുന്നതല്ല.

5. കമ്മീഷണറുടെ സേവനവ്യവസ്ഥകൾ.—കമ്മീഷണറായി നിയമിക്കപ്പെടുന്ന ഒരു വ്യക്തി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിമുതൽ അഞ്ചുവർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) ഉദ്യോഗകാലാവധി അവസാനിച്ചാൽ, കേരള സർക്കാരിന്റെ കീഴിലോ ഏതെങ്കിലും പൊതുമേഖലാസ്ഥാപനത്തിൻ കീഴിലോ വീണ്ടും നിയമിക്കപ്പെടുന്നതിന്, ഒരു കമ്മീഷണർക്ക് യോഗ്യതയുണ്ടായിരിക്കുന്നതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി ''പൊതുമേഖലാ സ്ഥാപനം'' എന്നാൽ അടച്ചുതീർത്ത ഓഹരിമൂലധനത്തിന്റെ അൻപത്തിഒന്നു ശതമാനത്തിൽ കുറയാതെ കേരള സർക്കാരിന്റെ ഉടമയിലുള്ള ഏതെങ്കിലും കമ്പനി എന്നർത്ഥമാകുന്നതും ആ സർക്കാർ രൂപീകരിച്ചിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനോ ബോർഡോ ഉൾപ്പെടുന്നതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,

(എ) ഒരു കമ്മീഷണർക്ക് ഏതു സമയത്തും അദ്ദേഹത്തിന്റെ സ്ഥാനം ഗവർണ്ണറെ അഭിസംബോധനചെയ്തുകൊണ്ട് അദ്ദേഹം എഴുതിഒപ്പിട്ട കത്തുമൂലം രാജിവയ്ക്കാവുന്നതാണ്.

(ബി) ഒരു കമ്മീഷണറെ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് അദ്ദേഹത്തിന്റെ സ്ഥാനത്തുനിന്നും നീക്കംചെയ്യാവുന്നതാണ്.

(4) നിയമസഭയിലെ മൊത്തം അംഗസംഖ്യയുടെ ഭൂരിപക്ഷവും ഹാജരാവുകയും വോട്ടുചെയ്യുകയും ചെയ്ത നിയമസഭയിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷവും പിൻതാങ്ങിക്കൊണ്ട് പാസ്സാക്കിയ നിവേദനം അതേ സമ്മേളനത്തിൽതന്നെ തെളിയിക്കപ്പെട്ട നടപടി ദൂഷ്യത്തിന്റെയോ കഴിവില്ലായ്മയുടെയോ അടിസ്ഥാനത്തിൽ കമ്മീഷണറെ നീക്കംചെയ്യുന്നതിനുവേണ്ടി ഗവർണ്ണർക്ക് സമർപ്പിച്ച് അതിൻമേൽ ഗവർണ്ണർ പാസ്സാക്കിയ ഒരു ഉത്തരവുമൂലമല്ലാതെ ഒരു കമ്മീഷണറെ അദ്ദേഹത്തിന്റെ സ്ഥാനത്തുനിന്നും നീക്കംചെയ്യാൻ പാടുള്ളതല്ല.

(5) നിവേദനം സമർപ്പിക്കുന്നതിനും ഒരു കമ്മീഷണറുടെ നടപടി ദൂഷ്യത്തെയോ കഴിവില്ലായ്മയെയോപറ്റി (1)-ാം ഉപവകുപ്പുപ്രകാരം അന്വേഷണത്തിനും തെളിവിനും ഉള്ള നടപടിക്രമം ഗവർണ്ണറുടെ ഉത്തരവുമൂലവും നിർണ്ണയിക്കപ്പെട്ട് നിയമസഭ അംഗീകരിച്ചപ്രകാരം ആയിരിക്കുന്നതാണ്.

(6) ഒരു കമ്മീഷണർക്ക് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടേതുപോലുള്ള പദവിയും, അതേ ശമ്പളവും, ബത്തകളും, പെൻഷനും ഉണ്ടായിരിക്കുന്നതും, അതേ സേവനവ്യവസ്ഥകൾക്ക് വിധേയനായിരിക്കുന്നതുമാണ്.

എന്നാൽ കമ്മീഷണറായി നിയമിക്കപ്പെട്ടിട്ടുള്ള സുപ്രീംകോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെയോ റിട്ടയേർഡ് ജഡ്ജിയുടെയോ പദവിയും, ശമ്പളവും, ബത്തകളും, പെൻഷനും, സേവനവ്യവസ്ഥകളും, ഗവർണ്ണർ പ്രത്യേകമായി പറയുന്നതുപോലെ ആയിരിക്കുന്നതാണ്.

എന്നുതന്നെയുമല്ല, കമ്മീഷണറുടെ ശമ്പളവും, ബത്തകളും, കൊടുക്കേണ്ടതായുള്ള പെൻഷനും മറ്റ് സേവനവ്യവസ്ഥകളും, അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം, അദ്ദേഹത്തിന് ഗുണമല്ലാത്തവിധത്തിൽ മാറ്റാവുന്നതല്ല.

6. സത്യപ്രതിജ്ഞചെയ്ത് സ്ഥാനം ഏറ്റെടുക്കൽ.—കമ്മീഷണറായി നിയമിക്കപ്പെട്ടിട്ടുള്ള ഓരോ വ്യക്തിയും, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, ഗവർണ്ണറുടെയോ, അദ്ദേഹം അതിനായി നിയമിക്കുന്ന മറ്റ് വ്യക്തികളുടെയോ മുമ്പിൽ താഴെ കൊടുത്തിരിക്കുന്ന ഫാറത്തിലുള്ള ഒരു സത്യപ്രതിജ്ഞയോ, ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതാകുന്നു.

''കമ്മീഷണറായി നിയമിക്കപ്പെട്ടിരിക്കുന്ന എ. ബി. എന്ന ഞാൻ നിയമപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഇൻഡ്യൻ ഭരണഘടനയോട് യഥാർത്ഥ വിശ്വാസവും കൂറും ഉള്ളവനായിരിക്കാമെന്നും ഞാൻ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവിനും അറിവിനും വിവേചനത്തിനും അനുസരണമായി ഭയമോ പക്ഷപാതമോ സ്നേഹമോ പകയോ കൂടാതെ എന്റെ ചുമതലകൾ നിർവ്വഹിക്കാമെന്നും ദൈവനാമത്തിൽ പ്രതിജ്ഞചെയ്യുന്നു/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

7. കമ്മീഷണർമാരുടെ സ്റ്റാഫ്.—(1) കമ്മീഷണർമാർക്ക് ഒരു സെക്രട്ടറിയും ഈ ആക്റ്റുപ്രകാരമുള്ള അവരുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിലും അവരെ സഹായിക്കുന്നതിനുവേണ്ടി കമ്മീഷണർമാരുമായി ആലോചിച്ചതിനുശേഷം, ഗവർണ്ണരാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ആഫീസർമാരും മറ്റ് ജീവനക്കാരും ഉണ്ടായിരിക്കുന്നതാണ്.

(2) സെക്രട്ടറിയുടെയും മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ കമ്മീഷണർമാരുമായി ആലോചിച്ചതിനുശേഷം ഗവർണ്ണർ നിശ്ചയിക്കുന്നപ്രകാരത്തിൽ ആയിരിക്കുന്നതാണ്.

(3) സെക്രട്ടറിയുടെയും മറ്റ് ആഫീസർമാരുടെയും, ജീവനക്കാരുടെയും നിയമനം, കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചതിനുശേഷം കമ്മീഷണർമാർ നടത്തേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം കമ്മീഷണർ നടത്തുന്ന നിയമനങ്ങളിൽ, പൗരന്മാരിൽ പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും, മറ്റ് പിന്നാക്കവിഭാഗങ്ങൾക്കും വേണ്ടി സർക്കാർ സർവ്വീസിലെ നിയമനങ്ങളിലും തസ്തികകളിലും സംവരണം അനുവദിക്കുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾ, കഴിയുന്നിടത്തോളം ബാധകമാകുന്നതാണ്.

(5) (1)-ം, (2)-ം, (3)-ം, (4)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് ഹാനികൂടാതെ കമ്മീഷണർമാർക്ക്, ഏതെങ്കിലും പ്രത്യേക കേസോ അല്ലെങ്കിൽ പ്രത്യേക വിഭാഗത്തിലുള്ള കേസുകളോ കൈകാര്യം ചെയ്യുന്നതിനു വേണ്ടി,—

(i) കേരള സർക്കാരിന്റെ ഏതെങ്കിലും ആഫീസറുടെയോ, ജീവനക്കാരന്റെയോ, അന്വേഷണ ഏജൻസിയുടെയോ സേവനങ്ങൾ, പ്രസ്തുത സർക്കാരിന്റെ അനുമതിയോടുകൂടിയും, അഥവാ

(ii) മറ്റ് ഏതെങ്കിലും വ്യക്തിയുടെയോ, ഏജൻസികളുടെയോ, സേവനങ്ങളും ഉറപ്പുവരുത്താവുന്നതാണ്.

(6) ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടെയും, ഏജൻസികളുടെയും (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആളുകളുടേയും സേവന വ്യവസ്ഥകളും നിബന്ധനകളും, കമ്മീഷണറുമായി ആലോചിച്ച് ഗവർണ്ണർ നിശ്ചയിക്കുന്നപ്രകാരം ആയിരിക്കുന്നതാണ്.

8. നടപടികൾ എടുക്കുന്നതിനുള്ള ഹർജി.—(1) ഒരു പൊതുജനസേവകനല്ലാത്ത ഏതെങ്കിലും വ്യക്തിക്കോ, സർവ്വീസ് സംഘടനയ്ക്കോ, ട്രേയിഡ് യൂണിയനോ, ഹർജിയിൽ പറഞ്ഞിരിക്കുന്ന പൊതു പ്രവർത്തകനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് ഈ ആക്റ്റുപ്രകാരം അന്വേഷണം നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള ഒരു ഹർജി എതിർകക്ഷിക്ക് നൽകുന്നതിനുള്ള ഒരു പകർപ്പു സഹിതം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ ഹർജിയും അതിൽ അടങ്ങിയിരിക്കുന്ന ഹർജിയെ പിൻതാങ്ങിക്കൊണ്ടുള്ള ഒരു സത്യവാങ്മൂലത്തോടും ആയിരം രൂപ നിക്ഷേപിച്ചത് തെളിയിക്കുന്ന ഒരു ട്രഷറി രസീതോടും കൂടി ആയിരിക്കേണ്ടതാണ്.

എന്നാൽ നിയമസഭാംഗങ്ങളുടെ മൊത്തം സംഖ്യയുടെ പത്തുശതമാനത്തിൽ കുറയാത്ത അംഗങ്ങൾ കൂട്ടായി ഒരു ഹർജി സമർപ്പിക്കുമ്പോൾ അപ്രകാരമുള്ള ട്രഷറി രസീത് ആവശ്യമില്ലാത്തതാകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ ഹർജിയും അതോടൊപ്പം ഏതെങ്കിലും പട്ടികയോ അല്ലെങ്കിൽ ഒരു അനുബന്ധമോ, ചേർത്തിട്ടുള്ളപക്ഷം അവയും 1908-ലെ സിവിൽ നടപടി നിയമത്തിൽ (1908-ലെ 5-ാം കേന്ദ്ര ആക്ട്) അന്യായ ഹർജികളുടെ പരിശോധനയ്ക്ക്, നിർണ്ണയിച്ചിട്ടുള്ള രീതിയിൽ പരിശോധിക്കേണ്ടതാണ്.

9. ചില സംഗതികളിൽ കമ്മീഷണർമാർ നടപടികൾ സ്വീകരിക്കാൻ പാടില്ലെന്ന്.—(എ) ഹർജിയിൽ പറഞ്ഞിരിക്കുന്ന അഴിമതി ആരോപണം 1952-ലെ അന്വേഷണ കമ്മീഷൻ ആക്റ്റുപ്രകാരം നിയമിക്കപ്പെട്ട ഒരു അന്വേഷണ കമ്മീഷനാലോ അല്ലെങ്കിൽ അന്വേഷണ കമ്മീഷന്റെ മുൻപാകെയോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ അല്ലെങ്കിൽ സിറ്റിംഗ് ജഡ്ജിയുടേയോ റിട്ടയാർഡ് ജഡ്ജിയുടെയോ മുൻപാകെയോ ഉള്ള ഒരു

അന്വേഷണത്തിനോ അല്ലെങ്കിൽ മാറ്റു നടപടിക്കോ വിധേയമായ ഒരു വിഷയം ആയിരിക്കുന്നപക്ഷം;

(ബി) ഹർജി 8-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതിരിക്കുന്നപക്ഷം; അല്ലെങ്കിൽ—

(സി) അഴിമതി, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപുള്ള അഞ്ചുവർഷക്കാലത്തിന് മുൻപ് നടന്നതായി ആരോപിക്കപ്പെട്ടിരിക്കുന്നപക്ഷം; അല്ലെങ്കിൽ

(ഡി) 8-ാം വകുപ്പുപ്രകാരമുള്ള ഹർജി, അഴിമതി നടന്നതായി ആരോപിക്കപ്പെട്ടിരിക്കുന്ന തീയതി മുതൽ പന്ത്രണ്ടുമാസങ്ങൾ കഴിഞ്ഞതിനുശേഷം സമർപ്പിക്കപ്പെട്ടിരിക്കുന്നപക്ഷം; അല്ലെങ്കിൽ

(ഇ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപുള്ള അഞ്ചുവർഷക്കാലത്തിനുള്ളിൽ നടന്നതായി ആരോപിക്കപ്പെട്ടിരിക്കുന്ന അഴിമതിയെ സംബന്ധിച്ച്, ഹർജി, അഴിമതി നടന്നതായി ആരോപിക്കപ്പെട്ടിരിക്കുന്ന തീയതി മുതൽ പന്ത്രണ്ടുമാസക്കാലം കഴിഞ്ഞതിനുശേഷമോ അല്ലെങ്കിൽ അപ്രകാരമുള്ള പ്രാരംഭം മുതൽ ആറുമാസം കഴിഞ്ഞതിനുശേഷമോ, ഇതിൽ ഏതാണോ താമസിച്ചുള്ളത്, ആ കാലത്ത് സമർപ്പിക്കപ്പെടുന്നപക്ഷം;

കമ്മീഷണർമാർ ഈ ആക്റ്റുപ്രകാരമുള്ള യാതൊരു അന്വേഷണവും നടത്താൻ പാടുള്ളതല്ല.

10. <u>അഴിമതി ആരോപണം അന്വേഷണത്തിനും തീരുമാനത്തിനുമായി കമ്മീഷണർമാർക്ക് അയയ്ക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം.</u>—(1) ഏതെങ്കിലും പൊതു പ്രവർത്തകനെതിരായുള്ള ഏതെങ്കിലും അഴിമതി ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയോ ശ്രദ്ധയിൽ പെടുത്തുകയോ ചെയ്യുമ്പോൾ, സർക്കാരിന്, പൊതു താൽപര്യാർത്ഥം, അഴിമതിയാരോപണം ഈ ആക്റ്റുപ്രകാരം അന്വേഷിക്കപ്പെടേണ്ടതാണെന്ന് ബോദ്ധ്യമാകുന്നപക്ഷം അവർക്ക് രേഖാമൂലമുള്ള ഉത്തരവുമൂലവും, ഉത്തരവിൽ നിർദ്ദിഷ്ടമാക്കാവുന്ന വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായും, കമ്മീഷണർമാരോട് അഴിമതിയാരോപണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ആവശ്യപ്പെടാവുന്നതും, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കമ്മീഷണർമാർ അപ്രകാരമുള്ള ഉത്തരവ് പാലിക്കേണ്ടതുമാകുന്നു.

(2) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ആരാണോ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന അഴിമതി ആരോപണം നടത്തിയത് ആ ആൾ പരാതിക്കാരനായി കരുതപ്പെടേണ്ടതാകുന്നു.

11. <u>10-ാം വകുപ്പുപ്രകാരമുള്ള അന്വേഷണം സംബന്ധിച്ച് കമ്മീഷണർമാർക്കുള്ള അധികാരങ്ങൾ.</u>—8-ാം വകുപ്പുപ്രകാരമുള്ള ഒരു ഹർജിയിന്മേലല്ലാതെയുള്ള ഏതെങ്കിലും അഴിമതി ആരോപണം സംബന്ധിച്ച് കമ്മീഷണർമാർ അന്വേഷണം നടത്തുമ്പോൾ അവർക്ക്, അപ്രകാരമുള്ള ഒരു ഹർജിയിന്മേലുള്ള ഒരു അന്വേഷണം സംബന്ധിച്ച് അവർ വിനിയോഗിക്കുമായിരുന്ന അതേ അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അതനുസരിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമാണ്.

12. പ്രാഥമിക അന്വേഷണം.—(1) ഒരു പൊതു പ്രവർത്തകന് എതിരായി ഏതെങ്കിലും അഴിമതി ആരോപണം ഉൾക്കൊള്ളുന്ന 8-ാം വകുപ്പുപ്രകാരമുള്ള ഒരു ഹർജി ലഭിക്കുകയോ അല്ലെങ്കിൽ 10-ാം വകുപ്പുപ്രകാരം ഏതെങ്കിലും അഴിമതി ആരോപണം കമ്മീഷണർമാരുടെ അന്വേഷണത്തിനും തീരുമാനത്തിനുമായി അയച്ചിരിക്കുകയോ ചെയ്യുമ്പോൾ 9-ാം വകുപ്പിന്റെ കീഴിലുള്ളതല്ലാത്ത ഒരു സംഗതിയിൽ, കമ്മീഷണർമാർ അപ്രകാരമുള്ള ആരോപണം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും 8-ാം വകുപ്പുപ്രകാരമുള്ള ഹർജിയുടെ ഒരു പകർപ്പോ അല്ലെങ്കിൽ അപ്രകാരമുള്ള ഒരു ഹർജി ഇല്ലാതിരിക്കുമ്പോൾ അഴിമതി ആരോപണത്തിന്റെ ഒരു പകർപ്പോ പൊതു പ്രവർത്തകനും, ഹർജിക്കാരൻ ആരെങ്കിലുമുള്ളപക്ഷം അയാൾക്കും നൽകേണ്ടതും, ബന്ധപ്പെട്ട പൊതു പ്രവർത്തകന് ആ സംഗതിയിൽ അയാൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകേണ്ടതുമാണ്.

(2) ഹർജിക്കാരന്റെയോ അല്ലെങ്കിൽ സർക്കാരിന്റെയോ അല്ലെങ്കിൽ മറ്റു ഏതെങ്കിലും വ്യക്തിയുടെയോ അല്ലെങ്കിൽ അധികാരസ്ഥാനത്തിന്റെയോ കൈവശം, അഴിമതി ആരോപണം സംബന്ധിച്ച് സംഗതമായ ഏതെങ്കിലും, വിവരമോ അല്ലെങ്കിൽ പ്രമാണമോ ഉണ്ടെന്ന് കമ്മീഷണർമാർക്ക് അഭിപ്രായമുള്ള പക്ഷം, അവർക്ക് അപ്രകാരമുള്ള ഹർജിക്കാരനോടോ സർക്കാരിനോടോ വ്യക്തിയോടോ അല്ലെങ്കിൽ അധികാരസ്ഥാനത്തോടോ, അപ്രകാരമുള്ള വിവരം നൽകുന്നതിനോ അല്ലെങ്കിൽ പ്രമാണം ഹാജരാക്കുന്നതിനോ ആവശ്യപ്പെടാവുന്നതും, ഉടനെ ആ ഹർജിക്കാരനോ, സർക്കാരോ, വ്യക്തിയോ അല്ലെങ്കിൽ അധികാരസ്ഥാനമോ അപ്രകാരമുള്ള വിവരം നൽകാനോ അല്ലെങ്കിൽ പ്രമാണം ഹാജരാക്കാനോ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(3) ഈ ഉപവകുപ്പുപ്രകാരമുള്ള ഓരോ പ്രാഥമിക അന്വേഷണവും സ്വകാര്യമായും രഹസ്യമായും നടത്തേണ്ടതും, പ്രത്യേകിച്ചും, ഹർജിക്കാർ ആരെങ്കിലും ഉള്ളപക്ഷം അയാളുടെയോ അല്ലെങ്കിൽ പ്രസ്തുത അന്വേഷണംമൂലം ബാധിതനാകുന്ന പൊതു പ്രവർത്തകന്റെയോ അനന്യത അപ്രകാരമുള്ള ഒരു അന്വേഷണത്തിനു മുൻപോ, അതിനിടയ്ക്കോ അല്ലെങ്കിൽ അതിനുശേഷമോ പൊതുജനങ്ങൾക്കോ വർത്തമാനപ്പത്രങ്ങൾക്കോ വെളിപ്പെടുത്താൻ പാടില്ലാത്തതുമാകുന്നു.

(4) മുൻപറഞ്ഞതൊഴികെ, അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണം നടത്തുന്നതിനുള്ള നടപടിക്രമം, ആ സംഗതിയുടെ പരിതസ്ഥിതികൾക്കനുയോജ്യമെന്ന് കമ്മീഷണർ കരുതുന്ന പ്രകാരത്തിൽ ആയിരിക്കേണ്ടതാണ്.

13. പ്രാഥമിക അന്വേഷണത്തിന്റെ ഫലവും തുടർന്നുള്ള നടപടികളും.—(1) 12-ാം വകുപ്പുപ്രകാരമുള്ള പ്രാഥമികാന്വേഷണത്തിനുശേഷം അഴിമതി ആരോപണം അടിസ്ഥാനരഹിതമായതോ അല്ലെങ്കിൽ നിസ്സാരമായതോ അല്ലെങ്കിൽ, തുടർന്നുള്ള അന്വേഷണം പ്രയോജനരഹിതമാണെന്നോ കമ്മീഷണർമാർക്ക് അഭിപ്രായമുള്ളപക്ഷം, അവർ, അതുസംബന്ധിച്ച് അവരുടെ തീരുമാനം രേഖപ്പെടുത്തേണ്ടതും, അപ്രകാരമുള്ള തീരുമാനത്തിനുള്ള കാരണങ്ങൾ കാണിച്ചുകൊണ്ട് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽപ്പെടാത്ത സംഗതികളിൽ കമ്മീഷണർമാർക്ക് അഴിമതി ആരോപണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും, അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി കമ്മീഷണർമാർക്ക് അവരുടെ സിറ്റിംഗിനുള്ള സമയവും സ്ഥലവും നിശ്ചയിക്കുന്നതുൾപ്പെടെയുള്ള കമ്മീഷന്റെ നടപടിക്രമം നിയന്ത്രിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) കമ്മീഷന്റെ വിശദമായ അന്വേഷണങ്ങൾ എല്ലാം സ്വകാര്യമായും, രഹസ്യമായും നടത്തേണ്ടതാണ്.

(5) ഏതു പൊതുപ്രവർത്തകന് എതിരായാണോ നടപടിദൂഷ്യം ആരോപിക്കപ്പെട്ടിരിക്കുന്നത്, അയാൾക്കും, പരാതിക്കാർ ആരെങ്കിലുമുള്ള പക്ഷം അയാൾക്കും നേരിട്ടോ അല്ലെങ്കിൽ അഭിഭാഷകൻമുഖാന്തിരമോ പ്രതിനിധീകരിക്കപ്പെടാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

(6) ഈ ആക്റ്റുപ്രകാരമുള്ള എല്ലാവിശദമായ അന്വേഷണങ്ങളിലും സർക്കാരിനെ ഒരു കക്ഷിയായി ചേർക്കേണ്ടതാണ്.

(7) അന്വേഷണത്തിലിരിക്കുന്ന കേസിന്റെ സ്വഭാവവും പരിതസ്ഥിതികളും പരിഗണിച്ച്, തങ്ങളെ സഹായിക്കുന്നതിന് ഒരു അഭിഭാഷകനെ നിയമിക്കേണ്ടതാവശ്യമാണെന്ന് കമ്മീഷണർമാർ കരുതുന്നപക്ഷം അവർക്ക്, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു അഭിഭാഷകനെ നിയമിക്കാവുന്നതാണ്.

(8) കമ്മീഷണർമാർക്ക്, നേരിട്ടോ അല്ലെങ്കിൽ അഭിഭാഷകർമുഖേനയോ പ്രതിനിധീകരിക്കപ്പെടണമെന്ന് അവകാശപ്പെടുന്ന

(എ) ഏതെങ്കിലും സാക്ഷിയേയോ; അല്ലെങ്കിൽ

(ബി) മറ്റേതെങ്കിലും വ്യക്തിയേയോ, ഏതൊരു ഘട്ടത്തിലും നീതിനിർവ്വഹണാർത്ഥം യുക്തമെന്ന് അവർ കരുതുന്നിടത്തോളം നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതിന് അനുവദിക്കുകകൂടി ചെയ്യാവുന്നതാണ്.

14. കമ്മീഷണർമാരുടെ റിപ്പോർട്ടുകൾ.—(1) കമ്മീഷണർമാർ വിശദമായ അന്വേഷണത്തിന്റെ അവസാനത്തിൽ, അവരുടെ തീരുമാനങ്ങളും അവയുടെ കാരണങ്ങളും കാണിച്ചുകൊണ്ട് രേഖപ്പെടുത്തേണ്ടതും, അവരുടെ ശുപാർശകളോടൊപ്പം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള കമ്മീഷണർമാരുടെ റിപ്പോർട്ട് കഴിയുന്നിടത്തോളം, ആ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിശദമായ അന്വേഷണത്തിന്റെ പ്രാരംഭംമുതൽ ഒരു വർഷത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(3) ഏതു പൊതുപ്രവർത്തകനെതിരായിട്ടാണോ അഴിമതി ആരോപിക്കപ്പെട്ടിരിക്കുന്നത്, അയാളേയോ, അല്ലെങ്കിൽ ആരോപണവിഷയമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വ്യക്തിയേയോ നീതിനിർവ്വഹണാർത്ഥം, 1952-ലെ ശിക്ഷാനിയമ ഭേദഗതി ആക്റ്റ് (1952-ലെ 46-ാം കേന്ദ്ര ആക്റ്റിലെ) 6-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് പ്രോസിക്യൂട്ട് ചെയ്യേണ്ടത് യുക്തമായിരിക്കുമെന്ന് കമ്മീഷണർമാർക്ക് അഭിപ്രായമുള്ളപക്ഷം, അവർ, ആ കുറ്റത്തിന് ആ പൊതുപ്രവർത്തകനോ അല്ലെങ്കിൽ മറ്റുവ്യക്തിക്കോ എതിരായി യാതൊരു കോടതിയിലും പ്രോസിക്യൂഷൻ

നടപടികൾ സ്വീകരിച്ചിട്ടില്ലാത്തപക്ഷം, അപ്രകാരം ചെയ്യേണ്ടതാണെന്ന അവരുടെ തീരുമാനം, അതിനുള്ള കാര്യകാരണങ്ങൾ കാണിച്ചുകൊണ്ട് രേഖപ്പെടുത്തേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു തീരുമാനം കമ്മീഷണർമാർ രേഖപ്പെടുത്തിയിരിക്കുമ്പോൾ, ബന്ധപ്പെട്ട വ്യക്തികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനാവശ്യമായ എല്ലാനടപടികളും സർക്കാർ സ്വീകരിക്കേണ്ടതാണ്.

(5) കമ്മീഷണർമാരുടെ ശുപാർശകൾ സർക്കാരിനു ലഭിച്ച തീയതി മുതൽ ആറുമാസത്തിനുള്ളിൽ ശുപാർശകളിൻമേൽ യാതൊരു നടപടികളും സർക്കാർ സ്വീകരിക്കാതിരിക്കുമ്പോഴോ അല്ലെങ്കിൽ, തങ്ങളുടെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ കമ്മീഷണർമാർക്ക് തൃപ്തികരമല്ലാതിരിക്കുമ്പോഴോ കമ്മീഷണർമാർ അതു സംബന്ധിച്ച് ഒരു പ്രത്യേക റിപ്പോർട്ട് ഗവർണർക്കു സമർപ്പിക്കേണ്ടതാണ്.

(6) കമ്മീഷണർമാർ വർഷംതോറും, ഈ ആക്റ്റുപ്രകാരമുള്ള അവരുടെ കർത്തവ്യ നിർവഹണത്തെ സംബന്ധിച്ച ഒരു ഏകീകൃത റിപ്പോർട്ട് ഗവർണർക്ക് സമർപ്പിക്കേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പു പ്രകാരമുള്ള പ്രത്യേക റിപ്പോർട്ടോ, അല്ലെങ്കിൽ (6)-ാം ഉപവകുപ്പു പ്രകാരമുള്ള വാർഷിക റിപ്പോർട്ടോ ലഭിക്കുമ്പോൾ, ഗവർണ്ണർ, അതിന്റെ ഒരു പകർപ്പ് നിയമസഭയുടെ മുൻപാകെ വയ്പിക്കേണ്ടതാണ്.

(8) സർക്കാർ, കമ്മീഷണർമാരുടെ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ റിപ്പോർട്ടും അതിൻമേൽ സ്വീകരിക്കപ്പെട്ട നടപടികളെ സംബന്ധിക്കുന്ന ഒരു കുറിപ്പോടുകൂടി, റിപ്പോർട്ടു സർക്കാരിനു സമർപ്പിച്ച തീയതി മുതൽ ആറു മാസകാലത്തിനുള്ളിൽ നിയമസഭയുടെ മുൻപാകെ വയ്പിക്കേണ്ടതാണ്.

15. <u>കമ്മീഷണർമാർ നിർദ്ദേശിക്കുന്നപക്ഷം പൊതു പ്രവർത്തകർ ഔദ്യോഗിക സ്ഥാനം ഒഴിയേണ്ടതാണെന്ന്.</u>—(1) ഈ ആക്റ്റു പ്രകാരമുള്ള അന്വേഷണത്തിനുശേഷം, ഒരു പൊതുപ്രവർത്തകനെതിരായിട്ടുള്ള ആരോപണം തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും അപ്രകാരമുള്ള ഒരു പൊതു പ്രവർത്തകൻ അയാൾ വഹിക്കുന്ന സ്ഥാനം തുടർന്നു വഹിക്കാൻ പാടില്ലെന്നും കമ്മീഷണർമാർക്ക് ബോദ്ധ്യമാകുന്നപക്ഷം, അവർ അതു സംബന്ധിച്ച് ഒരു പ്രഖ്യാപനം (14)-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അവരുടെ റിപ്പോർട്ടിൽ ചേർക്കേണ്ടതും അതിനുശേഷം, സർക്കാരിനു വേണമെങ്കിൽ ആ പ്രഖ്യാപനം സ്വീകരിക്കുകയോ അല്ലെങ്കിൽ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

(2) 14-ാം വകുപ്പു (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടു ലഭിച്ച തീയതിമുതൽ മൂന്നു മാസക്കാലത്തിനുള്ളിൽ പ്രഖ്യാപനം (1)-ാം ഉപവകുപ്പു പ്രകാരം നിരാകരിക്കപ്പെടാത്തപക്ഷം, മേല്പറഞ്ഞ മൂന്നുമാസ കാലാവധി തീരുമ്പോൾ, സർക്കാർ അതു സ്വീകരിച്ചതായി കരുതേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രഖ്യാപനം സർക്കാർ സ്വീകരിക്കുകയോ അല്ലെങ്കിൽ സ്വീകരിച്ചതായി കരുതപ്പെടുകയോ ചെയ്യുന്നപക്ഷം, അപ്രകാരമുള്ള സ്വീകരണമോ അല്ലെങ്കിൽ സ്വീകരിച്ചതായി കരുതപ്പെടു

ന്നതോ പൊതുപ്രവർത്തകനെ അറിയിക്കേണ്ടതും ഏതെങ്കിലും നിയമത്തിലോ ഉത്തരവിലോ, വിജ്ഞാപനത്തിലോ ചട്ടത്തിലോ അല്ലെങ്കിൽ നിയമക്കരാറിലോ ഏതെങ്കിലും നിയമത്തിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, പൊതുപ്രവർത്തകൻ, പ്രസ്തുത അറിയിപ്പിന്റെ തീയതി മുതൽ,—

(1) പ്രസ്തുത ആൾ മുഖ്യമന്ത്രിയോ, ഒരു മന്ത്രിയോ, സംസ്ഥാന നിയമസഭയിലെ അംഗമോ ആയിരിക്കുന്നപക്ഷം, അതതു സംഗതിപോലെ മുഖ്യമന്ത്രിപദമോ മന്ത്രിപദമോ നിയമസഭാംഗത്വമോ രാജിവയ്ക്കേണ്ടതാണ്.

(2) അയാൾ മറ്റേതെങ്കിലും വ്യക്തി ആയിരിക്കുന്നപക്ഷം, തന്റെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞതായി കരുതേണ്ടതാണ്.

16. ചെലവുകൾ.—(1) ആരോപണം, അടിസ്ഥാനരഹിതമാണെന്നോ അല്ലെങ്കിൽ, നിസ്സാരമായതാണെന്നോ കാണുകയോ അല്ലെങ്കിൽ, ആരോപണം തെളിയിക്കപ്പെടാതിരിക്കുകയോ ചെയ്യുമ്പോൾ, കമ്മീഷണർമാർക്ക്, ഹർജിക്കാരൻ ആരെങ്കിലുമുള്ളപക്ഷം അയാൾക്ക്, ഏതു പൊതു പ്രവർത്തകനെതിരായിട്ടാണോ ആരോപണം ഉന്നയിക്കപ്പെട്ടത് അയാൾക്കോ അല്ലെങ്കിൽ 13-ാം വകുപ്പ് (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റു ഏതെങ്കിലും വ്യക്തിക്കോ ഉത്തരവിൽ പ്രത്യേകം പറയാവുന്ന ചിലവു നൽകാൻ ഉത്തരവു നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെടാൻ ഉത്തരവായിട്ടുള്ള ചെലവിന്റെ ഏതൊരു ഭാഗവും 8-ാം വകുപ്പുപ്രകാരം നിക്ഷേപിക്കപ്പെട്ട തുകയിൽ നിന്നും കൊടുക്കാൻ ഉത്തരവിടാവുന്നതും, ശേഷിക്കുന്ന തുക ഏതെങ്കിലും ഉള്ളപക്ഷം അതു സംബന്ധിച്ച ഒരു റിക്കവറി സർട്ടിഫിക്കറ്റു നൽകാവുന്നതുമാണ്.

(3) ഏതു വ്യക്തിക്ക് അനുകൂലമായിട്ടാണോ, (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റ് നൽകപ്പെട്ടത്, അയാൾ, ഏതു വ്യക്തിക്ക് എതിരായിട്ടാണോ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് അയാളുടെ താമസസ്ഥലവും വ്യാപാരസ്ഥലവും ഏതു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ ആദ്യ വിചാരണാധികാര പരിധിയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത്, ആ കോടതിയിൽ, സർട്ടിഫിക്കറ്റിൽ പറഞ്ഞിരിക്കുന്ന, തുക വസൂലാക്കുന്നതിനു അപേക്ഷിക്കേണ്ടതും, ആ കോടതി ഉടനെ ആ സർട്ടിഫിക്കറ്റ്, പണം നൽകാനുള്ള ഒരു വ്യവഹാരത്തിൻമേൽ അതു പാസ്സാക്കിയ ഒരു ഡിക്രിയായിരുന്നാൽ എപ്രകാരം നടപ്പിലാക്കുമായിരുന്നുവോ അതേ രീതിയിലും അതേ നടപടിക്രമം പാലിച്ചുകൊണ്ടും നടപ്പാക്കുകയോ അല്ലെങ്കിൽ നടപ്പാക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

17. കമ്മീഷണർമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും അധികാരങ്ങൾ.—(1). ഓരോ കമ്മീഷണർക്കും കമ്മീഷണർമാർ അധികാരപ്പെടുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനും, താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച 1908-ലെ സിവിൽ നടപടി നിയമപ്രകാരം ഒരു കേസ് വിചാരണ ചെയ്യുന്ന സമയത്ത് ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായതു:

(എ) ഏതൊരാളെയും ഹാജരാക്കുന്നതിനു നിർബന്ധിക്കുന്നതിനും, അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുകയും ചെയ്യുന്നതിനും;

(ബി) ഏതൊരു പ്രമാണവും കണ്ടുപിടിക്കുന്നതിനും, ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവു സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ, ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനോ അല്ലെങ്കിൽ പ്രമാണങ്ങൾ പരിശോധിക്കുന്നതിനോ കമ്മീഷനെ നിയമിക്കുന്നതിനോ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മററു സംഗതികളും;

(2) ഓരോ കമ്മീഷണർക്കും അല്ലെങ്കിൽ ഇതിനുവേണ്ടി കമ്മീഷണർമാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനും അന്വേഷണ വിധേയമായ വിഷയത്തെ സംബന്ധിക്കുന്ന ഏതെങ്കിലും കണക്കുപുസ്തകമോ അല്ലെങ്കിൽ മററു പ്രമാണങ്ങളോ കാണപ്പെടാമെന്നു വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും കെട്ടിടത്തിലോ അല്ലെങ്കിൽ സ്ഥലത്തോ പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതും അപ്രകാരമുള്ള ഏതെങ്കിലും കണക്കു പുസ്തകങ്ങളോ അല്ലെങ്കിൽ മററു പ്രമാണങ്ങളോ പിടിച്ചെടുക്കാവുന്നതും അവയിൽ നിന്നും എക്സ്ട്രാക്ററുകളോ പകർപ്പുകളോ എടുക്കാവുന്നതും ആകുന്നു.

(3) 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്ട്) 100-ാം വകുപ്പിലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, (2)-ാം ഉപ വകുപ്പു പ്രകാരമുള്ള പരിശോധനയ്ക്ക് ബാധകമാകുന്നതാണ്.

(4) കമ്മീഷണർമാരുടെ മുൻപാകെയുള്ള ഏതൊരു നടപടികളും ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്ട്) 193-ഉം, 228-ഉം വകുപ്പുകളുടെ അർത്ഥത്തിലുള്ള ജുഡീഷ്യൽ നടപടികൾ എന്നപോലെ കരുതേണ്ടതാണ്.

18. ഒരു പ്രത്യേക വസ്തുവിവരപ്പട്ടിക ആവശ്യപ്പെടുന്നതിനുള്ള കമ്മീഷണർമാരുടെ അധികാരങ്ങൾ.—കമ്മീഷണർമാർക്ക്, ഈ ആക്ററു പ്രകാരം ഏതൊരു പൊതു പ്രവർത്തകനെതിരെ ഉന്നയിക്കപ്പെട്ട ആരോപണമാണ് അന്വേഷണത്തിലിരിക്കുന്നത്, ആ പൊതു പ്രവർത്തകനോട് നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു പ്രത്യേക വസ്തുവിവരപ്പട്ടിക ആവശ്യപ്പെടാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. കമ്മീഷണർമാർക്ക് നൽകിയിട്ടുള്ള പ്രസ്താവനകൾ.—(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, സർക്കാരിനോ അല്ലെങ്കിൽ ഏതെങ്കിലും പൊതു ജനസേവകനോ ലഭിച്ചതോ അല്ലെങ്കിൽ നൽകിയതോ ആയ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനോ അല്ലെങ്കിൽ വെളിപ്പെടുത്തുന്നതിന്മേൽ മററു നിയന്ത്രണങ്ങൾ പാലിക്കുന്നതിനോ ഏതെങ്കിലും നിയമനിർമ്മാണംമൂലമോ അല്ലെങ്കിൽ ഏതെങ്കിലും ചട്ടത്താലോ നിയമത്താലോ ചുമത്തപ്പെട്ടതാണെങ്കിലും ഉള്ള ബാദ്ധ്യത, ഈ ആക്ടു പ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് ബാധകമാകുന്നതല്ലാത്തതും അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണം സംബന്ധിച്ച്, നിയമനടപടികളിൽ ഏതെങ്കിലും പ്രമാണങ്ങൾ ഹാജരാക്കുന്നതോ അല്ലെങ്കിൽ തെളിവ് നൽകുന്നതോ സംബന്ധിച്ച് ഏതെങ്കിലും നിയമമോ അല്ലെങ്കിൽ ചട്ടമോ അനുവദിക്കുന്ന ഏതെങ്കിലും പ്രത്യേകാവകാശങ്ങൾക്ക് സർക്കാരിനോ അല്ലെങ്കിൽ ഏതെങ്കിലും പൊതുജനസേവകനോ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(2) ഇൻഡ്യയുടെ സുരക്ഷിതത്വത്തെയോ പ്രതിരോധത്തെയോ, അന്താരാഷ്ട്രീയ ബന്ധങ്ങളെയോ (മററ് ഏതെങ്കിലും രാജ്യത്തെ സർക്കാരുമായോ ഏതെങ്കിലും അന്താരാഷ്ട്ര സംഘടനയുമായോ ഇൻഡ്യയ്ക്കുള്ള ബന്ധം ഉൾപ്പെടെ) അല്ലെങ്കിൽ കുററാന്വേഷണത്തെയോ അല്ലെങ്കിൽ കുററം കണ്ടുപിടിക്കുന്നതിനെയോ ഹാനികരമായി ബാധിക്കാവുന്ന ഏതെങ്കിലും വിവരം നൽകാനോ അപ്രകാരമുള്ള ഏതെങ്കിലും ചോദ്യത്തിന് ഉത്തരം നൽകാനോ, ഏതെങ്കിലും പ്രമാണം ഹാജരാക്കാനോ, ഈ ആക്ടുമൂലം ഒരു വ്യക്തിയോടും ആവശ്യപ്പെടുകയോ അല്ലെങ്കിൽ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതല്ലാത്തതും, ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി അതതു സംഗതിപോലെ കേരള സർക്കാരിന്റെയോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ ഒരു സെക്രട്ടറി, ഏതെങ്കിലും വിവരമോ, ഉത്തരമോ ഒരു പ്രമാണത്തിന്റെ ഭാഗമോ, ഈ ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള രീതിയിലുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് നൽകുന്ന ഒരു സർട്ടിഫിക്കററ് ബാധകമാകുന്നതും, നിർണ്ണായകമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഈ ആക്ടുപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യത്തിനായി ഏതെങ്കിലും ഒരു കോടതിയുടെ മുമ്പാകെയുള്ള നടപടികളിൽ നൽകാനോ ഹാജരാക്കാനോ നിർബന്ധിക്കാൻ പാടില്ലാത്തതായ ഏതെങ്കിലും തെളിവുനൽകാനോ ഏതെങ്കിലും പ്രമാണം ഹാജരാക്കാനോ ഒരു വ്യക്തിയേയും നിർബന്ധിക്കാൻ പാടില്ലാത്തതാകുന്നു.

(4) കമ്മീഷണർമാരുടെ മുമ്പാകെ തെളിവു നൽകുന്നതിനിടയിൽ ഒരു വ്യക്തി നൽകുന്ന യാതൊരു പ്രസ്താവനയും അങ്ങനെയുള്ള പ്രസ്താവനമൂലം വ്യാജമായ തെളിവ് നൽകുന്നതിനുള്ള പ്രോസിക്യൂഷൻ ഒഴികെയുള്ള ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടികൾക്ക് അയാളെ വിധേയനാക്കുന്നതിനോ അയാൾക്കെതിരെ ഉപയോഗിക്കുന്നതിനോ പാടില്ലാത്തതാകുന്നു. എന്നാൽ, ആ പ്രസ്താവന—

(എ) കമ്മീഷണർമാർ അയാളോട് ചോദിച്ച ഒരു ചോദ്യത്തിനുള്ള മറുപടി ആയിരിക്കുകയോ; അല്ലെങ്കിൽ

(ബി) അന്വേഷണവിഷയവുമായി ബന്ധപ്പെട്ടതായിരിക്കുകയോ ചെയ്യേണ്ടതാണ്.

20. വിവരങ്ങൾ രഹസ്യമാക്കിവയ്ക്കൽ.—(1) ഈ ആക്ററുപ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിനിടയിലോ അല്ലെങ്കിൽ അന്വേഷണത്തിന്റെ ആവശ്യത്തിനുവേണ്ടിയോ കമ്മീഷണർമാർക്കോ, അവരുടെ സ്ററാഫിലെ അംഗങ്ങൾക്കോ അല്ലെങ്കിൽ ഏതെങ്കിലും അന്വേഷണ ഏജൻസിക്കോ ലഭിച്ച ഏതു വിവരവും അപ്രകാരമുള്ള അന്വേഷണത്തോടനുബന്ധിച്ച് രേഖപ്പെടുത്തിയതോ അല്ലെങ്കിൽ ശേഖരിച്ചതോ ആയ ഏതു തെളിവും രഹസ്യമായി സൂക്ഷിക്കേണ്ടതും, 1872-ലെ ഇൻഡ്യൻ തെളിവെടുപ്പ് ആക്ററ് (1872-ലെ 1-ാം കേന്ദ്ര ആക്ട്)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും അപ്രകാരമുള്ള വിവരം സംബന്ധിച്ച തെളിവു നൽകുന്നതിനോ അപ്രകാരം രേഖപ്പെടുത്തിയതോ ശേഖരിച്ചതോ ആയ തെളിവ് ഹാജരാക്കുന്നതിനോ കമ്മീഷണർമാരെ നിർബന്ധിക്കുന്നതിന് ഒരു കോടതിക്കും അവകാശമുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെയാതൊന്നും,

(എ) അന്വേഷണത്തിന്റെ ആവശ്യത്തിനുവേണ്ടിയോ അല്ലെങ്കിൽ അതിൻമേൽ ഏതെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിനോ അല്ലെങ്കിൽ അപ്രകാരമുള്ള റിപ്പോർട്ടിൻമേൽ സ്വീകരിക്കേണ്ടതായ ഏതെങ്കിലും നടപടികൾക്കുവേണ്ടിയോ; അല്ലെങ്കിൽ

(ബി) 1923-ലെ ഔദ്യോഗിക രഹസ്യആക്റ്റ് (1923-ലെ 19-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഒരു കുറ്റത്തിനോ അല്ലെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമ (1869-ലെ 45-ാം കേന്ദ്ര ആക്ട്)ത്തിൻകീഴിൽ വ്യാജത്തെളിവ് നല്കുന്നതോ വ്യാജത്തെളിവു കെട്ടിച്ചമയ്ക്കുന്നതോ സംബന്ധിച്ചുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിനുവേണ്ടിയോ 27-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും നടപടിയുടെ ആവശ്യത്തിനുവേണ്ടിയോ; അല്ലെങ്കിൽ

(സി) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ആവശ്യങ്ങൾക്കുവേണ്ടിയോ ഏതെങ്കിലും വിവരമോ, പ്രത്യേക വിവരങ്ങളോ വെളിപ്പെടുത്തുന്നതിന് ബാധകമാകുന്നതല്ല.

(3) യാതൊരാളും കമ്മീഷണർമാരുടെ മുൻപാകെ തീർപ്പാകാതെ കിടക്കുന്ന ഒരു അന്വേഷണത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നടപടി പ്രസിദ്ധീകരിക്കാൻ പാടില്ലാത്തതും അങ്ങനെയുള്ള നടപടി അന്വേഷണം പൂർത്തിയായതിനുശേഷവും ഒരു വ്യക്തിയും പ്രസിദ്ധീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

(4) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളം വരാവുന്ന വെറും തടവിനോ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടുംകൂടിയ ശിക്ഷയ്ക്കോ ശിക്ഷിക്കപ്പെടുന്നതാണ്.

(5) 3-ഉം 4-ഉം ഉപവകുപ്പുകളിലുള്ള യാതൊന്നുംതന്നെ നിയമസഭയുടെ മുമ്പാകെ വയ്ക്കപ്പെട്ട ഏതെങ്കിലും റിപ്പോർട്ടിന്റെ പ്രസിദ്ധീകരണത്തിനു ബാധകമാകുന്നതല്ല.

21. ആക്ടുമൂലം എടുത്ത നടപടിയുടെ സംരക്ഷണം.—(1) ഈ ആക്റ്റുപ്രകാരം ഉത്തമവിശ്വാസപൂർവം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതിനെയെങ്കിലും സംബന്ധിച്ച് കമ്മീഷണർമാർക്കോ അല്ലെങ്കിൽ ഏതെങ്കിലും ആഫീസർക്കോ ഉദ്യോഗസ്ഥനോ, ഏജൻസിക്കോ അല്ലെങ്കിൽ 7-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട വ്യക്തിക്കോ എതിരായി, യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) കമ്മീഷണർമാരുടെ യാതൊരു നടപടിയും അതു നിർദ്ദിഷ്ട ഫോറത്തിലല്ല എന്ന കാരണത്താൽമാത്രം അസാധുവായി കരുതപ്പെടുന്നതല്ലാത്തതും, വിചാരണാധികാരത്തിന്റെ അടിസ്ഥാനത്തിലൊഴികെ, കമ്മീഷണർമാരുടെ യാതൊരു നടപടിയോ തീരുമാനമോ ഏതെങ്കിലും കോടതിയിൽ ആക്ഷേപിക്കപ്പെടുകയോ; പുന:പരിശോധന നടത്തപ്പെടുകയോ ചോദ്യം ചെയ്യപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

22. ചില കുറ്റങ്ങൾ സമ്മറിയായി വിചാരണ ചെയ്യുന്നതിനുള്ള കമ്മീഷണർമാരുടെ അധികാരം.—(1). കമ്മീഷണർമാരുടെ മുമ്പാകെയുള്ള ഒരു നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ, അവർക്കു, അങ്ങനെയുള്ളനടപടിയിൽ ഹാജരാകുന്ന

ഏതെങ്കിലും ആളോ, അങ്ങനെയുള്ള നടപടിയിൽ ഉപയോഗിക്കപ്പെടുന്നതാണെന്നുള്ള ബോധത്തോടുകൂടി, അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ മന:പൂർവ്വമോ, വ്യാജതെളിവു നൽകിയെന്നോ അല്ലെങ്കിൽ വ്യാജതെളിവു കെട്ടിച്ചമച്ചുവെന്നോ തോന്നുകയും, കമ്മീഷണർമാർക്ക്, അയാളെ അതതു സംഗതിപോലെ വ്യാജതെളിവു നൽകിയതിനോ, അല്ലെങ്കിൽ കെട്ടിച്ചമച്ചതിനോ സമ്മറിയായി വിചാരണ ചെയ്യേണ്ടത്, നീതിനിർവ്വഹണാർത്ഥം, ആവശ്യവും യുക്തവുമെന്നു ബോദ്ധ്യമാവുകയും ചെയ്യുന്നപക്ഷം, ആ കുറ്റം വിചാരണയ്ക്കെടുക്കാവുന്നതും, അപ്രകാരമുള്ള കുറ്റത്തിനു ശിക്ഷിക്കപ്പെടാതിരിക്കാൻ കാരണം കാണിക്കാൻ കുറ്റവാളിക്ക് ന്യായമായ അവസരം നൽകിയതിനുശേഷം, അങ്ങനെയുള്ള കുറ്റവാളിയെ, കഴിയുന്നിടത്തോളം, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ സമ്മറിവിചാരണയ്ക്ക് നിർണ്ണയിച്ചിട്ടുള്ള നടപടിക്രമത്തിനനുസരണമായി വിചാരണ ചെയ്യാവുന്നതും, ആറുമാസത്തിൽ കുറയാത്ത, എന്നാൽ മൂന്നുവർഷത്തോളം നീണ്ടുപോകാവുന്ന കാലത്തെ തടവിനും രണ്ടായിരം രൂപയിൽ കുറയാത്ത എന്നാൽ അയ്യായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം വിചാരണചെയ്ത ഓരോ കേസിലും കുറ്റകൃത്യത്തിനു ആസ്പദമായ വസ്തുതകളും കുറ്റക്കാരൻ നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റും (ഏതെങ്കിലുമുണ്ടെങ്കിൽ), തീരുമാനവും ശിക്ഷാവിധിയും പോലെതന്നെ കമ്മീഷണർമാർ രേഖപ്പെടുത്തേണ്ടതാണ്.

(3) ഈ വകുപ്പുപ്രകാരം നടത്തിയ വിചാരണയിൽ ശിക്ഷിക്കപ്പെട്ട ഏതൊരാൾക്കും ഹൈക്കോടതിമുമ്പാകെ അപ്പീൽകൊടുക്കാവുന്നതും 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്ട്) 29-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഈ വകുപ്പുപ്രകാരമുള്ള അപ്പീലുകൾക്കും ആകാവുന്നിടത്തോളം ബാധകമായിരിക്കുന്നതും ഹൈക്കോടതിക്ക് അപ്പീലിന് ആസ്പദമായ തീരുമാനം വ്യത്യാസപ്പെടുത്തുകയോ മറിച്ച് തിരുമാനിക്കുകയോ ചെയ്യാവുന്നതും അതനുസരിച്ചുള്ള ശിക്ഷ കുറവുചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്.

(4) 1973-ലെ ക്രിമിനൽ നടപടിക്രമ നിയമത്തിൽ (1974-ലെ 2-ാം കേന്ദ്ര ആക്ട്) ഏന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(5) ഈ വകുപ്പിൽ ഉപയോഗിച്ചിട്ടുള്ളതും ഈ ആക്ടിൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദങ്ങൾക്കും 1973-ലെ ക്രിമിനൽ നടപടി നിയമത്തിൽ (1974-ലെ 2-ാം കേന്ദ്ര ആക്ട്) കാണുന്ന അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

23. <u>ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അധികാരം</u>.—കമ്മീഷണർമാർക്ക് പൊതുവായതോ പ്രത്യേകമായതോ ആയ രേഖാമൂലമായ ഉത്തരവുമൂലം ഈ ആക്ടുമൂലമോ അതുപ്രകാരമോ, അവർക്കു നല്കിയിട്ടുള്ള ഏതെങ്കിലും അധികാരങ്ങളോ അവരെ ഏൽപ്പിച്ചിട്ടുള്ള ചുമതലകളോ (ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും സർക്കാരിലേക്ക് റിപ്പോർട്ടുചെയ്യുന്നതിനുമുള്ള അധികാരം ഒഴികെ) 7-ാം വകുപ്പിൽ പരാമർശിക്കുന്ന ഓഫീസർമാർക്കോ ഉദ്യോഗസ്ഥൻമാർക്കോ ഏജൻസികൾക്കോകൂടി വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

24. അന്വേഷണങ്ങൾക്ക് തടസ്സം.—8-ാം വകുപ്പുപ്രകാരം ഒരു ഹർജി സമർപ്പിച്ചിരിക്കുകയോ 10-ാം വകുപ്പുപ്രകാരം ഒരു റഫറൻസ് നടത്തിയിരിക്കുകയോ ചെയ്തിട്ടുള്ളതായ ഏതെങ്കിലും പൊതുപ്രവർത്തകനെതിരെയുള്ള ഏതെങ്കിലും അഴിമതി ആരോപണം സംബന്ധിച്ച് 1952-ലെ എൻക്വയറി കമ്മീഷൻ ആക്റ്റ് (1952-ലെ 60-ാം കേന്ദ്ര ആക്ട്) പ്രകാരമോ അഥവാ സർക്കാരിന്റെ മറ്റേതെങ്കിലും ഉത്തരവോ, പ്രമേയമോ മൂലമോ ഔപചാരികമോ പരസ്യമായതോ ആയ യാതൊരു അന്വേഷണവും സർക്കാർ മുൻകൈ എടുത്ത് നടത്താൻ പാടില്ലാത്തതും. എന്നാൽ ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ 1973-ലെ ക്രിമിനൽ നടപടിനിയമം (1974-ലെ 2-ാം കേന്ദ്ര ആക്ട്) അനുസരിച്ചോ അഥവാ തൽക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമം അനുസരിച്ചോ മറ്റേതെങ്കിലും വ്യക്തിക്കോ അധികാരസ്ഥാനത്തിനോ ഉള്ള ഏതെങ്കിലും അവകാശത്തെയോ അധികാരത്തെയോ, ബാധിക്കുന്നതായോ അഥവാ ഈ ആക്ട് പ്രാബല്യത്തിൽവരുന്നതിനു മുൻപ് നിയമിക്കപ്പെട്ട ഏതെങ്കിലും അന്വേഷണക്കമ്മിറ്റിയുടെയോ കമ്മീഷന്റെയോ ഘടനയെയോ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനേയോ അധികാരങ്ങൾ വിനിയോഗിക്കുന്നതിനേയോ ബാധിക്കുന്നതായോ പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

25. കെട്ടിവയ്പുതുക തിരിച്ചുകൊടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യൽ.—(1) 8-ാം വകുപ്പുപ്രകാരം ഏതെങ്കിലും ഹർജിക്കാരൻ കെട്ടിവച്ച തുക (2)-ഉം (3)-ഉം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് കയ്യൊഴിയേണ്ടതാണ്.

(2) കമ്മീഷണർമാർ 8-ാം വകുപ്പുപ്രകാരം അവർക്കു സമർപ്പിച്ച ഒരു ഹർജി സംബന്ധിച്ച ആരോപണങ്ങൾ കഴമ്പില്ലാത്തതാണെന്നോ നിസ്സാരമാണെന്നോ 13-ാം വകുപ്പുപ്രകാരം റിപ്പോർട്ടു ചെയ്യുകയാണെങ്കിൽ പ്രസ്തുത തുക സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

(3) മറ്റ് ഏതെങ്കിലും കാര്യത്തിൽ, കമ്മീഷണർമാർ, അന്വേഷണത്തിന്റെ അവസാനഘട്ടത്തിൽ, കേസിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, തുകയെ സംബന്ധിച്ച് അവർക്കു യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസാക്കേണ്ടതാണ്.

26. കേസ് തീർപ്പാകാതെ ഇരിക്കുന്നത്, ഈ ആക്റ്റുപ്രകാരമുള്ള നടപടികൾക്ക് തടസ്സമായിരിക്കുന്നതല്ല.— ഏതെങ്കിലും അഴിമതി ആരോപണം സംബന്ധിച്ച് ഹൈക്കോടതിയിലോ ഏതെങ്കിലും കീഴ്ക്കോടതിയിലോ ഏതെങ്കിലും സിവിൽകേസോ ക്രിമിനൽകേസോ തീർപ്പാകാതെയിരിക്കുന്നത് ഈ ആക്ടുപ്രകാരം പ്രസ്തുത ആരോപണം സംബന്ധിച്ച സൂക്ഷ്മ പരിശോധനയ്ക്കോ അന്വേഷണത്തിനോ വിചാരണയ്ക്കോ തടസ്സമാകുന്നതല്ലാത്തതും അങ്ങനെയുള്ള സൂക്ഷ്മ പരിശോധനയോ അന്വേഷണമോ വിചാരണയോ കോർട്ടലക്ഷ്യമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

27. കമ്മീഷണർമാരെ മനഃപൂർവ്വം ആക്ഷേപിക്കുക മുതലായവ.—(1) ഈ ആക്റ്റുപ്രകാരം കമ്മീഷണർമാർ ഏതെങ്കിലും അന്വേഷണം നടത്തുമ്പോൾ അവരെ മനഃപൂർവ്വം ആക്ഷേപിക്കുകയോ ഏതെങ്കിലും തടസ്സം സൃഷ്ടിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും രണ്ടുവർഷംവരെയുള്ള വെറും തടവോ പിഴയോ അഥവാ രണ്ടുംകൂടിയോ ശിക്ഷ നൽകാവുന്നതാണ്.

(2) കമ്മീഷണർമാരെ അപകീർത്തിപ്പെടുത്തണമെന്ന ഉദ്ദേശത്തോടു കൂടി സംസാരിക്കുകയോ വായിക്കാവുന്നതായ വാക്കുകൾ ഉപയോഗിക്കുകയോ ഏതെങ്കിലും പ്രസ്താവന നടത്തുകയോ പ്രസിദ്ധപ്പെടുത്തുകയോ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്ന ഏതൊരാൾക്കും രണ്ടുവർഷം വരെയുള്ള വെറും തടവോ പിഴയോ അഥവാ രണ്ടുംകൂടിയോ ശിക്ഷ നൽകാവുന്നതാണ്.

(3) 1973-ലെ ക്രിമിനൽ നടപടിനിയമം (1974-ലെ 2-ാം കേന്ദ്ര ആക്ട്) 199-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, മേൽപ്പറഞ്ഞ 199-ാം വകുപ്പു (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഒരു കുറ്റത്തിന് ബാധകമാകുന്നതുപോലെ, കമ്മീഷണർമാരുടെ മുൻ അനുവാദം കൂടാതെ പബ്ലിക് പ്രോസിക്യൂട്ടർ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച് പരാതി ബോധിപ്പിക്കാൻ പാടില്ല എന്ന ഭേദഗതിക്കു വിധേയമായി, (1)-ാം ഉപവകുപ്പിൻകീഴിലോ (2)-ാം ഉപവകുപ്പിൻകീഴിലോ ഉള്ള കുറ്റങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

28. <u>പെരുമാറ്റദൂഷ്യത്തെപ്പറ്റിയുള്ള വ്യാജമായ ആരോപണങ്ങൾ ശിക്ഷിക്കപ്പെടുന്നതാണെന്ന്.</u>—(1) ആരോപണം നടത്തുന്നതിന് നീതിയുക്തമോ നിയമപരമോ ആയ യാതൊരു അടിസ്ഥാനവുമില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ അനുചിതമായ ലക്ഷ്യത്തോടും ക്ഷതമേൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുംകൂടി ഒരു പൊതുപ്രവർത്തകനെതിരായി ഏതെങ്കിലും അഴിമതി ആരോപണം നടത്തുന്ന ഏതൊരാൾക്കും ആറുമാസംവരെയുള്ള വെറും തടവോ രണ്ടായിരം രൂപവരെയുള്ള പിഴയോ രണ്ടുംകൂടെയോ ശിക്ഷ നൽകാവുന്നതാണ്.

(2) കമ്മീഷണർമാരുടെ മുൻ അനുവാദംകൂടാതെ ഒരു കോടതിയും (1)-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു കുറ്റവും നേരിട്ട് വിചാരണയ്ക്ക് എടുക്കാവുന്നതല്ല.

29. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഗസറ്റിൽ വിജ്ഞാപനംമൂലം സർക്കാരിന് ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും എന്നാൽ മുൻപറഞ്ഞ അധികാരത്തിന്റെ പൊതുസ്വഭാവത്തിന് ഹാനികൂടാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപറയുന്നവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(എ) 8-ാം വകുപ്പുപ്രകാരമുള്ള ഹർജികൾ ഏതു ഫാറത്തിലാണ് നൽകേണ്ടതെന്ന്;

(ബി) കമ്മീഷണർമാരുടെ സേവന വ്യവസ്ഥകൾ;

(സി) കമ്മീഷണർമാരിൽ നിക്ഷിപ്തമാക്കാവുന്ന സിവിൽ കോടതിയുടെ അധികാരങ്ങൾ;

(ഡി) 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തുകകളുടെ നിക്ഷേപം, കണ്ടുകെട്ടൽ, മടക്കികൊടുക്കൽ അല്ലെങ്കിൽ വിനിയോഗം;

(ഇ) ഈ ആക്റ്റുപ്രകാരം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതെങ്കിലും കാര്യങ്ങളും.

(3) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും അതുണ്ടാക്കിയശേഷം കഴിയുന്നതും വേഗം നിയമസഭായോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാലുദിവസത്തേക്ക് അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടുസമ്മേളനങ്ങളിലോപെടാം—വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ചട്ടത്തിന് അതിനുശേഷം അതതുസംഗതിപോലെ, അങ്ങനെ ഭേദഗതിചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അങ്ങിനെയുള്ള ഏതെങ്കിലും ഭേദഗതിയോ അഥവാ റദ്ദാക്കലോ പ്രസ്തുത ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

30. <u>വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന് ഉത്തരവുമൂലം വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അവർക്കുതോന്നുന്നതും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും ആയ എന്തും ചെയ്യാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ 2 വർഷത്തിനുശേഷം (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

പൊതുപ്രവർത്തകരുടെ ഭാഗത്തുനിന്നുള്ള അഴിമതി തടയുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു നിയമവും ഇപ്പോൾ സംസ്ഥാനത്തില്ല. അതിനാൽ, പൊതുപ്രവർത്തകർക്കെതിരെ ഉന്നയിക്കപ്പെടുന്ന അഴിമതികളെ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനും അവയെക്കുറിച്ചന്വേഷിക്കുന്നതിനും അഴിമതിക്കാരായ പൊതുപ്രവർത്തകരെ യഥാവിധി കൈകാര്യം ചെയ്യുന്നതിനും, അപ്രകാരം പൊതുജന ദൃഷ്ടിയിൽ പൊതുപ്രവർത്തകരെക്കുറിച്ചുള്ള സങ്കല്പം ശ്രേഷ്ഠതരമാക്കുന്നതിനും സ്വതന്ത്രമായ ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടു. അപ്രകാരം ഏർപ്പെടുത്തുന്ന അധികാരസ്ഥാനത്തിന് ഭരണകൂടത്തിൽ നിന്നുള്ള സമ്മർദ്ദങ്ങൾക്കും സ്വാധീനശക്തിക്കും വിധേയമാകാതെ സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതിന് മതിയായ അധികാരങ്ങൾ ഉണ്ടായിരിക്കേണ്ടതാവശ്യമാണെന്ന് കരുതുന്നു. അതിനുള്ള നടപടിക്രമം, സത്യസന്ധമായ ഏതെങ്കിലും പൊതുപ്രവർത്തകനോ അല്ലെങ്കിൽ ഒരു ഉത്തമ വിശ്വാസപൂർവ്വമുള്ള ഒരു പരാതിക്കാരനോ അന്യായമായ ഉപദ്രവത്തിനിട നൽകാത്ത വിധത്തിലുള്ളതായിരിക്കേണ്ടതാവശ്യമാണെന്നുകൂടി കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ബില്ലിന്റെ 4-ാം ഖണ്ഡം മൂന്നു കമ്മീഷണർമാരെ, അവരിൽ രണ്ടുപേർ സുപ്രീം കോടതിയിൽ നിന്നോ ഹൈക്കോടതിയിൽനിന്നോ റിട്ടയർ ചെയ്ത ജഡ്ജിമാരോ അല്ലെങ്കിൽ സിറ്റിംഗ് ജഡ്ജിമാരും, മറ്റേവ്യക്തി ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്തെയുള്ള ഒരു സർക്കാരുദ്യോഗസ്ഥനോ ഉദ്യോഗസ്ഥനായിരുന്നതോ ആയ ഒരാളും ആയിരിക്കണമെന്നാണ്, നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. 5-ാം ഖണ്ഡം, (6)-ാം ഉപഖണ്ഡപ്രകാരം കമ്മിഷണറായി നിയമിക്കപ്പെടുന്നതും ശമ്പളം, സേവനവ്യവസ്ഥകൾ മുതലായവ ഗവർണ്ണർ നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുകയും ചെയ്യുന്ന സുപ്രീംകോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജി അല്ലെങ്കിൽ റിട്ടയാർഡ് ജഡ്ജി അല്ലാത്ത ഒരു കമ്മീഷണർക്ക് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ അതേ പദവി ഉണ്ടായിരിക്കുന്നതും അതേ ശമ്പളത്തിനും, അലവൻസുകൾക്കും പെൻഷനും അവകാശമുണ്ടായിരിക്കുന്നതും അതേ സേവന വ്യവസ്ഥകൾക്കു വിധേയനായിരിക്കുന്നതുമാണ്.

ബില്ലിന്റെ 7-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, കമ്മീഷണർമാർക്ക് ഒരു സെക്രട്ടറിയും, കമ്മീഷണർമാരുമായി ആലോചിച്ച് ഗവർണ്ണർ നിർദ്ദേശിച്ചേക്കാവുന്ന മറ്റു ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ആ ഖണ്ഡത്തിന്റെ 5-ാം ഉപഖണ്ഡം ഏതെങ്കിലും പ്രത്യേക കേസോ അല്ലെങ്കിൽ കേസുകളുടെ വിഭാഗമോ കൈകാര്യം ചെയ്യുന്ന ആവശ്യത്തിനായി ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ അല്ലെങ്കിൽ കേരള സർക്കാരിന്റെ അന്വേഷണ ഏജൻസിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെയോ ഏജൻസിയുടെയോ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കമ്മീഷണർമാരെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

കമ്മീഷണർമാരുടെയും അന്വേഷണ ഏജൻസി ഉൾപ്പെടെയുള്ള അവരുടെ ഉദ്യോഗസ്ഥന്മാരുടെയും നിയമനത്തിനും അന്വേഷണം നടത്തുമ്പോൾ കമ്മീഷണർമാർ വിളിച്ചുവരുത്തുന്ന സാക്ഷികൾക്കു യാത്രപ്പടി, ദിനബത്ത എന്നിവ നൽകുന്നതിനും വലിയ ഒരു തുകയുടെ ചിലവ് ഉണ്ടാകാവുന്നതാണ്. മേൽ പറഞ്ഞ സംഗതികളോടനുബന്ധിച്ചുണ്ടാകാവുന്ന മതിപ്പുചിലവ്, കമ്മീഷണർമാരുടെയും, ആവശ്യമായ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനത്തിനുശേഷംമാത്രമേ കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു. സാക്ഷികൾക്കു നൽകേണ്ട യാത്രപ്പടി, ദിനബത്ത എന്നിവയോടനുബന്ധിച്ചുണ്ടാകാവുന്ന ചെലവ്, ലഭിക്കുന്ന ഹർജികളുടെ എണ്ണത്തെയും, സ്വഭാവത്തെയും ആശ്രയിച്ചിരിക്കും. ആഫീസുകൾ നടത്തുന്നതിനു വേണ്ടിവരുന്ന ചിലവും ഇപ്പോൾ നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. അതിനാൽ ഈ ബിൽ നിയമമാക്കുന്നതുമൂലം വഹിക്കേണ്ടതായി വരുന്ന ചെലവ്, സൂക്ഷ്മമായും കൃത്യമായും നിർണ്ണയിക്കാൻ ഈ ഘട്ടത്തിൽ സാദ്ധ്യമല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡം

ബില്ലിലെ 1-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ഗസററുവിജ്ഞാപനം മൂലം സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ ആക്ടിനെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (എച്ച്) എന്ന ഉപഖണ്ഡത്തിലെ (iv)-ാം ഇനം, ആ ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതല്ലാത്ത ഏതെങ്കിലും കോർപ്പറേഷനിലോ അല്ലെങ്കിൽ ബോർഡിലോ സർക്കാരിനുള്ള സാമ്പത്തിക താല്പര്യം പരിഗണിച്ച്, അപ്രകാരമുള്ള കോർപ്പറേഷന്റെയോ അല്ലെങ്കിൽ ബോർഡിന്റെയോ ചെയർമാനെയോ വൈസ്ചെയർമാനേയോ ''പൊതുപ്രവർത്തകൻ'' എന്ന പദത്തിന്റെ നിർവ്വചനത്തിനുള്ളിൽ, കൊണ്ടുവരുന്നതിനായി അപ്രകാരമുള്ള കോർപ്പറേഷനേയോ ബോർഡിനേയോ അപ്പോഴപ്പോൾ ഗസറ്റ് വിജ്ഞാപനംവഴി, പ്രത്യേകം പ്രസ്താവിക്കുവാൻ സർക്കാരിന് അധികാരം നൽകാനുദ്ദേശിക്കുന്നു.

3. 4-ാം ഖണ്ഡം ഈ ആക്റ്റുപ്രകാരം കമ്മീഷണർമാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി, മുഖ്യമന്ത്രിയോടും ചീഫ് ജസ്റ്റിസിനോടും കൂടിയാലോചിച്ചതിനുശേഷം മൂന്നു വ്യക്തികളെ കമ്മീഷണർമാരായി നിയമിക്കുന്നതിന് ഗവർണ്ണരെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു.

4. ബില്ലിലെ 5-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം നിവേദനം സമർപ്പിക്കുന്നതിനും ഒരു കമ്മീഷണറുടെ കഴിവില്ലായ്മയേയോ നടപടിദൂഷ്യത്തേയോ കുറിച്ച് അന്വേഷണം നടത്തി തെളിയിക്കുന്നതിനുമുള്ള നടപടിക്രമം ഗവർണ്ണർ ഒരു ഉത്തരവുമൂലം നിശ്ചയിക്കുകയും നിയമസഭ അംഗീകരിക്കുകയും ചെയ്യുന്നപ്രകാരമായിരിക്കുമെന്നു വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥ, കമ്മീഷണറായി നിയമിക്കപ്പെട്ട സുപ്രീംകോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെ അല്ലെങ്കിൽ റിട്ടയാർഡ് ജഡ്ജിയുടെ പദവി, ശമ്പളം, അലവൻസ് മുതലായവ, ഗവർണർ നിർദ്ദേശിക്കാവുന്ന പ്രകാരമായിരിക്കുമെന്നു വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു.

5. 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, കമ്മീഷണർമാർക്ക്, കമ്മീഷണർമാരുമായി കൂടിയാലോചിച്ചശേഷം ഗവർണർ നിർണ്ണയിക്കാവുന്ന, ഒരു സെക്രട്ടറിയും, മറ്റുദ്യോഗസ്ഥൻമാരും, ജീവനക്കാരും ഉണ്ടായിരിക്കുന്നതാണെന്നു വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു. ആ ഖണ്ഡത്തിലെ 2-ാം ഉപഖണ്ഡം, കമ്മീഷണർമാരുമായി ആലോചിച്ചതിനുശേഷം കമ്മീഷണർമാരുടെ സെക്രട്ടറിയുടെയും മറ്റുദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ നിർണയിക്കാൻ ഗവർണ്ണറെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡം, കമ്മീഷണർമാരുമായി ആലോചിച്ചതിനുശേഷം (5)-ാം ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും ഏജൻസികളുടെയും ആളുകളുടെയും സേവനവ്യവസ്ഥകൾ നിർണയിക്കുന്നതിന് ഗവർണ്ണറെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു.

6. 10-ാം ഖണ്ഡം (I)-ാം ഉപഖണ്ഡം, രേഖാമൂലമുള്ള ഒരു ഉത്തരവുമൂലം, ആ ഉത്തരവിൽ പ്രത്യേകം പറയാവുന്ന വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായി, ഏതെങ്കിലും പൊതുപ്രവർത്തകനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ കമ്മീഷണർമാരോട് ആവശ്യപ്പെടാൻ സർക്കാരിനെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു.

7. 13-ാം ഖണ്ഡം. 7-ാം ഉപഖണ്ഡം. അന്വേഷണത്തിലിരിക്കുന്ന കേസിന്റെ സ്വഭാവവും പരിതസ്ഥിതികളും പരിഗണിച്ച് അപ്രകാരം ചെയ്യേണ്ടതാവശ്യമാണെന്ന് കമ്മീഷണർമാർക്ക് തോന്നുന്നപക്ഷം, അവർക്ക്, അവരെ സഹായിക്കാൻ, നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു അഭിഭാഷകനെ നിയമിക്കാൻ അധികാരം നൽകാനുദ്ദേശിക്കുന്നു.

8. 17-ാം ഖണ്ഡം. (1)-ാം ഉപഖണ്ഡം. ഇനം (എഫ്) ആ ഉപഖണ്ഡം (എ) മുതൽ (ഇ) വരെയുള്ള ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ളവ ഒഴികെ ഏതെല്ലാം സംഗതികളെ സംബന്ധിച്ചാണ്, ഓരോ കമ്മീഷണറും കമ്മീഷണർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും 1908-ലെ സിവിൽ നടപടി നിയമപ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നത്, അങ്ങനെയുള്ള സംഗതികളെ നിർണ്ണയിക്കാനുള്ള അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

9. 18-ാം ഖണ്ഡം. ഏത് പൊതുപ്രവർത്തകനെതിരായാണോ ഒരു ആരോപണം, ഈ ആക്റ്റുപ്രകാരം അന്വേഷണത്തിലിരിക്കുന്നത്, അങ്ങനെയുള്ള പൊതു പ്രവർത്തകരിൽനിന്നും നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു വസ്തുവിവരപ്പട്ടിക ആവശ്യപ്പെടുന്നതിന് കമ്മീഷണറെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു.

10. 20-ാം ഖണ്ഡം. (2)-ാം ഉപഖണ്ഡത്തിലെ (ഡി) എന്ന ഇനം, (1)-ാം ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ, നിർണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും അറിവ് അല്ലെങ്കിൽ വിവരങ്ങൾ, (2)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കല്ലാതെയുള്ള ആവശ്യങ്ങൾക്കായി വെളിപ്പെടുത്തുന്നതിന് ബാധകമാകുന്നതല്ലെന്നു വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു.

11. 23-ാം ഖണ്ഡം. കമ്മീഷണർമാരെ, ഈ ആക്റ്റിൻകീഴിലോ, ഈ ആക്റ്റുപ്രകാരമോ അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഏതെങ്കിലും അധികാരങ്ങളോ അല്ലെങ്കിൽ ചുമത്തപ്പെട്ടിരിക്കുന്ന ഏതെങ്കിലും കർത്തവ്യങ്ങളോ, (അന്വേഷണം നടത്താനോ, സർക്കാരിലേക്കു റിപ്പോർട്ടുചെയ്യാനോ ഉള്ള അധികാരം ഒഴികെ) 7-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കോ, ജീവനക്കാർക്കോ അല്ലെങ്കിൽ ഏജൻസികൾക്കോകൂടി ആ ഉത്തരവിൽ പ്രത്യേകം പറഞ്ഞേക്കാവുന്നപ്രകാരം, വിനിയോഗിക്കാവുന്നതോ നിർവ്വഹിക്കാവുന്നതോ ആണെന്ന് പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിർദ്ദേശിക്കുന്നതിന്, അധികാരപ്പെടുത്താനുദ്ദേശിക്കുന്നു.

12. 29-ാം ഖണ്ഡം. ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗസററിൽ വിജ്ഞാപനംമൂലം, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു. അപ്രകാരമുള്ള ചട്ടങ്ങൾ മററു സംഗതികൾക്കിടയിൽ 8-ാം വകുപ്പുപ്രകാരമുള്ള അപേക്ഷകൾ ഏതു ഫാറത്തിലായിരിക്കണമെന്ന് കമ്മീഷണർമാരുടെ സേവനവ്യവസ്ഥകൾ, സിവിൽകോടതിയുടെ ഏതെല്ലാം അധികാരങ്ങളാണ് കമ്മീഷണർമാരിൽ നിക്ഷിപ്തമാക്കാവുന്നത്, 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തുകയുടെ നിക്ഷേപം, കണ്ടുകെട്ടൽ, റീഫണ്ട്, അല്ലെങ്കിൽ വിനിയോഗം ഇവയ്ക്ക് വ്യവസ്ഥചെയ്യാവുന്നതാണ്.

13. 30-ാം ഖണ്ഡം, ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താനുദ്ദേശിക്കുന്നു. അപ്രകാരമുള്ള യാതൊരു ഉത്തരവും, ഈ ആക്ടിന്റെ പ്രാരംഭംമുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

14. മേൽപ്പറഞ്ഞവ, നടപടികളേയോ, വിശദവിവരങ്ങളേയോ സംബന്ധിച്ചുള്ളവയോ ഭരണപരമായ സ്വഭാവത്തോടുകൂടിയതോ ആയ സംഗതികളാണ്. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്കുവിധേയമാണ്. അങ്ങനെ ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വയലാർ രവി

(ശരിപ്പകർപ്പ്)

എസ്. ശ്രീധരൻ നാടാർ,
അഡീഷണൽ ഹെഡ് ട്രാൻസ്‌ലേറ്റർ.